DISTRICT PANCHAYATH KASARAGOD

# EQUIP 2024

(Educational Quality Improvement Programme for class ten)

## Student Support Material for Class X



## MALAYALAM
(Basic Text)

DIET KASARAGOD

**Chief Co-ordinators**

**Sri. N. Nandikeshan**
Deputy Director of Education
Kasaragod

**Dr. Raghurama Bhat K.**
Principal, DIET Kasaragod

**Co-ordinator**

**Madhusoodanan V.**
Lecturer, DIET Kasaragod

**Resource Team**

1. Dr. Santhosh Panayal, GHS Kolathur
2. Satheesh Babu, GHSS Parappa
3. Smitha K, GHSS Balla East



***DTP Layout & Cover design***

*Rubix Cyber Cafe, Iriyanni, Kasaragod*

***Prepared & Published by : District Panchayath Kasaragod***



# ആശംസ

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളെ ദേശീയ തലത്തിൽ ഒന്നാമതെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ കൈവരിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾ സ്തുത്യർഹമായ പങ്കുവഹിച്ചു. ദേശീയ സംസ്ഥാനതല പഠനങ്ങൾ നമ്മുടെ കുട്ടികളുടെ പഠനനിലവാരം ഇനിയും ഉയരേണ്ടതുണ്ട് എന്ന സൂചനയാണ് നൽകുന്നത്. പഠനവിടവുകൾ പരിഹരിക്കുന്നതിനുവേണ്ടി കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പും കാസർകോട് ഡയറ്റും ഒത്തുചേർന്ന് നടപ്പാക്കുന്ന **'എക്വിപ്പ്' (EQUIP)** പഠനപരിപോഷണ പരിപാടിക്ക് എല്ലാ പിന്തുണയും ഉറപ്പുതരുന്നു. പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾക്കുവേണ്ടി ആദ്യമായാണ് ഇത്തരത്തിലൊരുദ്യമം. പൊതുപരീക്ഷകളെ അഭിമുഖീകരിക്കുന്ന പത്തും പന്ത്രണ്ടും ക്ലാസിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ മികവിന്റെ അടയാളമായി മാറുകയാണ് വാർഷിക പരീക്ഷകൾ. അറിവിന്റെ തെളിമയോടെ ഓരോ വിദ്യാർത്ഥിക്കും പരീക്ഷ എഴുതാൻ കഴിയണം. വിദ്യാർത്ഥികളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷകൾക്ക് വേണ്ടി തയ്യാറാക്കിയ പഠനപിന്തുണാസാമഗ്രിക്ക് എല്ലാവിധ ആശംസകളും നേരുന്നു. നന്നായി പഠിക്കുക. പരീക്ഷയെ സധൈര്യം നേരിടുക. തളരാതെ മുന്നോട്ട്. വിജയം നിങ്ങളോടൊപ്പമുണ്ട്. ആശംസകൾ.

**ശ്രീമതി ബേബി ബാലകൃഷ്ണൻ**
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കാസർകോട്



# ആശംസ

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയെ പൂർവ്വാധികം കരുത്തോടെ നാം മുന്നോട്ട് നയിക്കുകയാണ്. ഈ ഘട്ടത്തിലാണ് കാസർകോട് ജില്ലാ പഞ്ചായത്തും, പൊതുവിദ്യാഭ്യാസ വകുപ്പും, വിദ്യാഭ്യാസ പരിശീലന കേന്ദ്രവും (DIET) പത്താം ക്ലാസ്, പ്ലസ്ടു വിദ്യാർത്ഥികളുടെ പഠനവിടവുകൾ പരിഹരിക്കുന്നതിനും ആത്മവിശ്വാസത്തോടെ പൊതുപരീക്ഷയെ നേരിടാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി പഠനപരിപോഷണ സാമഗ്രി തയ്യാറാക്കുന്നത്. നിരന്തരമായ ഇടപെടലിന്റെ തുടർച്ചയായി ഈ വർഷം ആദ്യമായിട്ടാണ് പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലാ പഞ്ചായത്ത് പിന്തുണാസാമഗ്രി തയ്യാറാക്കുന്നത്. പ്രധാനപ്പെട്ട ആറ് വിഷയങ്ങളിലാണ് ഈ വർഷം തയ്യാറാക്കുന്നതെങ്കിലും അടുത്തവർഷം മറ്റു വിഷയങ്ങളിലും കുട്ടികൾക്ക് പിന്തുണ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികളുടെ അക്കാദമിക മികവ് ഉറപ്പുവരുത്തിക്കൊണ്ട് മികച്ച ഗ്രേഡുകൾ നേടാൻ അവരെ സജ്ജമാക്കാൻ **'എക്വിപ് 2024'** എന്ന പേരിൽ തയ്യാറാക്കിയ ഈ പദ്ധതിക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
**അഡ്വ. സരിത എസ്.എൻ.**
ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി
അധ്യക്ഷ, ജില്ലാ പഞ്ചായത്ത്,
കാസർകോട്



## ആശംസ

ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ട് നയിക്കുന്ന ഉത്തരവാദിത്തമാണല്ലോ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIET) കാലങ്ങളായി ചെയ്തുവരുന്നത്. മനുഷ്യവിഭവശേഷിയിൽ പരിമിതികൾ ഉള്ളപ്പോൾ തന്നെ പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള മേഖലകളിൽ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യാനും നിർവഹിക്കാനും ഡയറ്റുകൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. പത്താം തരത്തിലെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ മറികടക്കാൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് **EQUIP (Educational Quality Improvement Programme).** അതതു വർഷത്തെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പത്താംതരത്തിലെയും പ്ലസ്ടുവിലെയും പരീക്ഷയെ അഭിമുഖീകരിക്കാൻ കുട്ടികളെ സഹായിക്കുന്ന വിവിധ വിഷയബന്ധിതമായ ചോദ്യമാതൃകകൾ യൂണിറ്റടിസ്ഥാനത്തിൽ പരിചയപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മലയാളത്തിലും ഇംഗ്ലീഷിലും കന്നഡയിലും പത്താംതരത്തിൽ ഐ.ടി. ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്ലസ്ടുവിൽ പ്രയാസകരമായ ആറ് വിഷയങ്ങളിലും പുസ്തകങ്ങൾ തയ്യാറാക്കി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ അധ്യയന വർഷം പത്താംതരം/പ്ലസ്ടു പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വ്യത്യസ്ത പഠനവേഗതയും പഠനമികവുമുള്ള എല്ലാ വിഭാഗം കുട്ടികൾക്കും ഈ സാമഗ്രി പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അധ്യാപകരുടെ ആത്മാർത്ഥമായ പിന്തുണയും പ്രോത്സാഹനവും അനിവാര്യമായ ഈ ഉദ്യമത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഏവർക്കും വിജയാശംസകൾ നേരുന്നു.

ആശംസകളോടെ,

**ഡോ. രഘുരാമ ഭട്ട് കെ.**
പ്രിൻസിപ്പാൾ
ഡയറ്റ് കാസർകോട്



# ആമുഖം

കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതേസമയം ദേശീയ-സംസ്ഥാന പഠനങ്ങൾ നമ്മുടെ ജില്ലയിലെ കുട്ടികളുടെ പ്രകടനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട് എന്ന സൂചനയാണ് നൽകുന്നത്. ഈ പശ്ചാത്തലത്തിലാണ് ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ നിന്ന് 2023-24 അധ്യയനവർഷം എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്ക് പഠനപിന്തുണ നൽകുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ വ്യത്യസ്ത വിഷയങ്ങളിൽ പഠനസാമഗ്രികൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ജില്ലാതല ഉന്നതാധികാര യോഗങ്ങളിൽ ചർച്ചചെയ്യപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡയറ്റ് കാസർകോടിന്റെ അക്കാദമിക നേതൃത്വത്തിൽ ജില്ലയിലെ മികച്ച അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് പത്താംതരത്തിൽ ഐ.ടി. ഒഴിച്ചുള്ള എല്ലാ വിഷയങ്ങളിലും പ്ലസ്ടുവിൽ ഏറ്റവും പ്രയാസമേറിയ ആറ് വിഷയങ്ങളിലും (ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്) പഠനപിന്തുണാസാമഗ്രികൾ തയ്യാറാക്കിയിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച് ഉന്നത വിദ്യാഭ്യാസമേഖലയിലേക്ക് പ്രവേശിക്കുന്ന പ്ലസ്ടു വിദ്യാർത്ഥികൾക്ക് പഠനപിന്തുണ നൽകുന്ന സാമഗ്രി ജില്ലയിൽ ആദ്യമായാണ് തയ്യാറാക്കുന്നത്. ജില്ലയിൽ നിന്നും പൊതുപരീക്ഷയെ അഭിമുഖീകരിക്കുന്ന മുഴുവൻ എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കും ആത്മവിശ്വാസം വളർത്തുന്നതിനും ഉന്നതവിജയം നേടുന്നതിനും ഈ ഉദ്യമം സഹായകമാകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ പദ്ധതിയെ നെഞ്ചേറ്റിയ പ്രിയപ്പെട്ട അധ്യാപക സുഹൃത്തുക്കൾക്ക് ഈ പുസ്തകത്തെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയട്ടെ. എല്ലാവർക്കും വിജയാശംസകൾ.

**ശ്രീ. എൻ. നന്ദികേശൻ**
ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ
കാസർകോട്

# MALAYALAM II
# അടിസ്ഥാന പാഠാവലി

## യൂണിറ്റ് 1

# ജീവിതം പടർത്തുന്ന വേരുകൾ

**(വേരുകൾ - ഡി. വിനയചന്ദ്രൻ)**

- വൃക്ഷങ്ങളെ ഭൂമിയിൽ നിലനിർത്തുന്നത് വേരുകളാണ്.
- മനുഷ്യരെ ചേർത്തുനിർത്തുന്നത് സ്നേഹബന്ധങ്ങളും.
- ഭൂമിയോടുള്ള സ്നേഹം അമ്മയോടുള്ള സ്നേഹം പോലെയാണ്.
- ഭൂമിയോടും അമ്മയോടുമുള്ള പരസ്പരബന്ധം ഇല്ലാതെയാകുന്ന വർത്തമാനകാലം.

**അർത്ഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക. (സ്കോർ 2)**

1. അവയ്ക്ക് ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചുനിൽക്കുന്നു.

   (അവയ്ക്ക് ഭൂമിയിൽ വേരുള്ളതുകൊണ്ട് ഉറച്ചുനിൽക്കുന്നു.)

2. ജീവിതം പടർത്തുന്ന വേരുകൾ, അടിവരയിട്ട പദത്തിന്റെ അർത്ഥ സാധ്യതകളിൽ രണ്ടെണ്ണം എഴുതുക. (സ്കോർ 2)

   (മനുഷ്യബന്ധങ്ങൾ, സ്നേഹം, സഹവർത്തിത്വം, കരുതൽ, ഉത്തരവാദിത്വം)

# പ്ലാവിലക്കഞ്ഞി

**രണ്ടിടങ്ങഴി (നോവൽ)**

**തകഴി ശിവശങ്കരപ്പിള്ള**

- ജ്ഞാനപീഠ പുരസ്കാര ജേതാവ്.
- കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.
- കുട്ടനാടിന്റെ കഥാകാരൻ എന്നറിയപ്പെടുന്നു.
- ചെമ്മീൻ, കയർ, രണ്ടിടങ്ങഴി, ഏണിപ്പടികൾ, തോട്ടിയുടെ മകൻ എന്നിവ പ്രധാന ഓ നോവലുകൾ.
- വെള്ളപ്പൊക്കത്തിൽ, അടിയൊഴുക്കുകൾ, തിരഞ്ഞെടുത്ത കഥകൾ, ഘോഷയാത്ര തുടങ്ങിയവ പ്രധാന കഥകൾ.

**രണ്ടിടങ്ങഴി**

- പഴയകാല ജന്മികുടിയാൻ വ്യവസ്ഥ നിലനിന്ന കുട്ടനാടൻ ഗ്രാമപശ്ചാത്തലത്തിൽ എഴുതപ്പെട്ട നോവൽ.
- കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ ദുരിതജീവിതത്തെ ആവിഷ്കരിക്കുന്നു.
- കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ രംഗത്തെ ഏറെ സ്വാധീനിച്ച കൃതി.
- സാമൂഹിക മാറ്റത്തിനോടൊപ്പം വ്യക്തി ബന്ധങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്.
- കോരൻ – ചിരുത, കോരൻ – അച്ഛൻ, കോരൻ – ചാത്തൻ എന്നീ ബന്ധങ്ങളുടെ ഊഷ്മളത നോവലിനെ ശ്രദ്ധേയമാക്കുന്നു.
- ഇല്ലായ്മയിലും സന്തോഷം കണ്ടെത്തുന്ന കഥാപാത്രങ്ങൾ.
- പ്രാദേശിക ഭാഷയുടെ സൗന്ദര്യം നോവലിനെ ശ്രദ്ധേയമാക്കുന്നു.

## പാഠഭാഗത്തിലെ പ്രധാന കഥാപാത്രങ്ങൾ

**കോരൻ**

- നോവലിലെ നായക കഥാപാത്രം
- കർഷകത്തൊഴിലാളി, പുഷ്പവേലിൽ ഔസേപ്പിന്റെ കൃഷിയിടത്തിലെ തൊഴിലാളി.
- തൊഴിലിടത്തിലെ അസമത്വത്തിൽ അമർഷമുണ്ട്.
- സാമൂഹിക അസമത്വം ചോദ്യം ചെയ്യാനുള്ള ത്വരയുണ്ട്.
- സംഘടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യമുണ്ട്.
- ഭാര്യ ചിരുതയോടുള്ള ശ്രദ്ധ, സ്നേഹം, കരുതൽ.
- അച്ഛനെ ഒറ്റപ്പെടുത്തേണ്ടിവന്നതിന്റെ കുറ്റബോധമുണ്ട്.
- കഠിനാധ്വാനിയായിരുന്ന അച്ഛനെക്കുറിച്ച് അഭിമാനവും അദ്ദേഹത്തിന്റെ നിലവിലെ അവസ്ഥയിൽ ദുഃഖവുമുണ്ട്.
- അനാരോഗ്യവും വാർദ്ധക്യവും കൊണ്ട് ബുദ്ധിമുട്ടുന്ന അച്ഛന് ഒരു നേരമെങ്കിലും വയറു നിറയെ ഭക്ഷണം നൽകാൻ കഴിഞ്ഞതിൽ സംതൃപ്തൻ.

❒ "ഏഴരക്കോഴി കൂവി. വയറു നിറഞ്ഞില്ലെങ്കിലും അവർ ഉറങ്ങി. അവന്റെ ബലിഷ്ഠമായ ശരീരത്തോട് ചേർന്നുകിടന്നപ്പോൾ പേടി കൂടാതെ അവൾക്ക് ഉറങ്ങാൻ കഴിഞ്ഞു."

"ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയ ദിവസമായിരുന്നു. അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടിക്കഴിഞ്ഞു."

– രണ്ടു സന്ദർഭങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് കോരൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകളെക്കുറിച്ച് എഴുതുക. (സ്കോർ 6)

**ചിരുത**

- അപ്പനോടും മകനോടുമുള്ള സ്നേഹത്തിന്റെ ആഴം
- സ്വന്തം വിശപ്പ് മറച്ചുവെച്ച് മറ്റുള്ളവരെ ഊട്ടുന്നവൾ
- തന്നാൽ കഴിയുന്നവിധം കുടുംബത്തിന്റെ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നവൾ
- ജന്മിവ്യവസ്ഥയിൽ അരക്ഷിതത്വം അനുഭവിക്കുന്ന കർഷകത്തൊഴിലാളി സ്ത്രീയുടെ പ്രതിനിധി.
- താൻ കാരണം അപ്പനും മകനും വേർപിരിഞ്ഞതിൽ കുറ്റബോധം അനുഭവിക്കുന്നു.
- ജീവിതപ്രാരാബ്ധങ്ങൾക്കിടയിലും സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നു.
- തകഴിയുടെ നോവലുകളിലെ ഏറ്റവും കരുത്തുള്ള സ്ത്രീകഥാപാത്രം.

❒ “ഏൻ ഇന്നലെ ഒരു മൊറം നെയ്തുവച്ചിരുന്നു. അതുകൊടുത്തിട്ട് ഏഴു ചക്രം കിട്ടി. അതു കൊടുത്തു മൂഴക്കരീം മേടിച്ചോണ്ടു മന്നപ്പഴാ അച്ചമ്മന്നെ. അതു തെളപ്പിച്ചു ഞങ്ങ ഉച്ചക്കു കുടിച്ചു.”

‘‘അവളു മറ്റുള്ളോരെ തീറ്റുകാ. എന്നിട്ട് അവള് ഒണങ്ങുകേം. ഏനു ചീത്തപ്പേരുണ്ടാക്കരുതെന്ന് എന്നും പറയും.”

“മൂഴക്കരിയിട്ടു തിളപ്പിച്ചു. ഏനാ അതു കുടിച്ചത്. അവളു കുടിച്ചില്ല.”

– സംഭാഷണങ്ങളിൽ നിന്നും തെളിഞ്ഞു വരുന്ന ചിരുത എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ കുറിപ്പായി എഴുതുക. (സ്കോർ 6)

**അച്ഛൻ**

- ജന്മിത്ത വ്യവസ്ഥയുടെ ഭാരം പേറിയ മനുഷ്യൻ
- ജീവിതകാലം മുഴുവൻ രാപ്പകലില്ലാതെ ജന്മിക്കുവേണ്ടി അധ്വാനിച്ചവൻ
- നല്ല ആരോഗ്യമുണ്ടായിരുന്ന ആൾ
- കഠിനാധ്വാനി
- പിടിവാശിക്കാരൻ
- വിവാഹസമയത്ത് മകനുമായി അകലുന്നു.
- മരണാസന്നനായി മകനെ തേടിവരുന്നു.

- ❒ അറക്കൽ വീട്ടിലെ വലിയ ചീനച്ചട്ടിയിലെ നിറകെ ചോറ് ആയകാലത്ത് അയാൾക്ക് നാലുരുളക്കേ ഉണ്ടായിരുന്നുള്ളൂ.

“പത്തുപ്ലാവില കഞ്ഞി കോരിക്കുടിച്ചു കഴിഞ്ഞപ്പോൾ വൃദ്ധൻ ഒരു നീണ്ട ഏമ്പക്കം വിട്ടു.”

“എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ടു വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു. എത്ര നെല്ലു കൊയ്തു, എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു.”

“അരിയിട്ടുതിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി. കപ്പ തന്നെ കപ്പ. അതാ ഈ വിളർച്ച. അവിടെങ്ങും നെല്ലു കണികാണാനില്ല. ഒള്ളോൻ വെളീൽ കാണിക്കത്തില്ല. രാത്രീല് ഏഴ് രൂപയാ വില.”

– അന്നോല്പാദകനായ കർഷകത്തൊഴിലാളി ദാരിദ്ര്യം മൂലം മരണമടയേണ്ടി വരുന്ന വിരോധാഭാസമാണ് ഒരു കാലത്ത് കേരളത്തിൽ നിലനിന്നിരുന്നത്. തന്നിരിക്കുന്ന സന്ദർഭങ്ങളെ വിലയിരുത്തി കൊണ്ട് കോരന്റെ അച്ഛൻ എന്ന കഥാപാത്രത്തെ ഉദാഹരണമാക്കി പ്രസ്താവനയെ സാധൂകരിക്കുക. (സ്കോർ 6)

## ചോദ്യമാതൃകകൾ

**മാതൃകപോലെ മാറ്റി എഴുതുക. (സ്കോർ 2)**

- പ്ലാവിലക്കഞ്ഞി – പ്ലാവില, കഞ്ഞി
- പുഞ്ചപ്പാടം –
- തപ്പിത്തടഞ്ഞ് –
- പിണങ്ങിയിരിക്കുക – പിണങ്ങി, ഇരിക്കുക
- പുരയിടം –
- അരിയുണ്ട് –

**വിഗ്രഹാർത്ഥം കണ്ടെത്തുക. (സ്കോർ 2)**

മാതൃക : നെല്ലുവില – നെല്ലിന്റെ വില

- പ്രയത്നഫലം –

▫ അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക. (സ്കോർ 2)

- അപ്പന് ഒരു നേരമെങ്കിലും നിറച്ച് ചോറ് കൊടുക്കണം. അതുമാത്രമാണ് അവന്റെ ആഗ്രഹം
- അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കിനിന്ന് ചിരുത ആനന്ദിച്ചു.

▫ അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ചതന്നെയായിരുന്നു. കണ്ണു തണുപ്പിക്കുക എന്ന പ്രയോഗത്തിന്റെ സവിശേഷത കണ്ടെത്തുക. (സ്കോർ 2)

▫ ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചുകഴിയുന്നത്.

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം എന്ത്? (സ്കോർ 1)

- അവസാനത്തെ അധ്യായങ്ങൾ
- അവസാനമായ അധ്യായങ്ങൾ
- അവസാനവും അധ്യായവും
- അവസാനത്തിന്റെ അധ്യായങ്ങൾ

***

# ഓരോ വിളിയും കാത്ത്

## യു.കെ. കുമാരൻ

**യു.കെ. കുമാരൻ**

- ചെറുകഥാകൃത്ത്, നോവലിസ്റ്റ്, ഉപന്യാസക്കാരൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.
- വളരെ ലളിതമായ ശൈലി. സാധാരണക്കാരായ കഥാപാത്രങ്ങൾ. ഗ്രാമീണമായ അന്തരീക്ഷം.
- പ്രധാനകൃതികൾ : തക്ഷൻകുന്ന് സ്വരൂപം, പുതിയ ഇരിപ്പിടങ്ങൾ, മടുത്തകളി, അച്ഛൻ ഉറങ്ങുന്നില്ല, വീട് സംസാരിക്കുന്നു, ഒറ്റവാക്കിൽ ഒരു ജീവിതം.
- അവാർഡുകൾ : കേരളസാഹിത്യഅക്കാദമി അവാർഡ്, വയലാർ അവാർഡ്, ബഷീർ അവാർഡ്, എസ്.കെ. പൊറ്റക്കാട് അവാർഡ്, അപ്പൻതമ്പുരാൻ അവാർഡ്.

**കഥയെക്കുറിച്ച്:**

- അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോയ അമ്മയുടെ വേദനകളും വിഹ്വലതകളുമാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥ പങ്കുവെക്കുന്നത്.
- അച്ഛന്റെ ശബ്ദവും സാന്നിധ്യവും ആയിരുന്ന വീടിന്റെ ഓർമ്മകളിൽ നിന്ന് മടങ്ങാൻ തയ്യാറാകാത്ത അമ്മ, സ്നേഹപൂർവ്വമുള്ള നിഷേധത്തിൽകൂടി പരസ്പര സ്നേഹവും കരുതലും പങ്കുവെക്കലുമുള്ള കുടുംബം എന്ന ഇടത്തിന്റെ ഹൃദ്യതയെ നമുക്ക് മനസ്സിലാക്കിത്തരുന്നു.
- പരസ്പരസ്നേഹവും കരുതലും പങ്കുവയ്ക്കലുമാണ് വീടിനെ വീടാക്കി മാറ്റുന്നത്. അല്ലാതെ ബാഹ്യ സൗന്ദര്യമല്ല.
- പ്രകൃതിയോടും കുടുംബത്തോടും സ്നേഹം കാണിക്കുന്ന അച്ഛൻ അയൽപക്ക ബന്ധങ്ങൾക്കും പ്രാധാന്യം കൽപ്പിച്ചിരുന്നു.
- അമ്മയോട് ഏറെ സ്നേഹവും കരുതലുമുള്ള ആളാണ് മകൻ.

- അച്ഛന്റെ വിളികൾക്ക് കാതോർക്കുന്ന അമ്മ ഒടുക്കം മകന്റെ കൂടെ പോകാൻ കഴിയാതെ അവിടെത്തന്നെ നിൽക്കുന്നു.
- അച്ഛൻ മരിച്ചു എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ കഴിയാത്ത ഒരാളായി അമ്മ മാറുന്നുണ്ട്.

**ചോദ്യ മാതൃകകൾ** **(1 സ്കോർ)**

❐ തെക്കേ മുറിയിൽ നിരത്തിവെച്ചിട്ടുള്ള പീഠങ്ങൾക്കു മുകളിൽ നാക്കിലകൾ.

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

- നാക്ക് പോലുള്ള ഇല
- നാക്കാകുന്ന ഇല
- നാക്കും ഇലയും
- നാക്കിന്റെ ഇല

❐ കൂടുതൽ ഉദാഹരണങ്ങൾ

- കന്നിനെല്ല്
- കാൽമുട്ട്
- ദാഹജലം
- മരക്കൊമ്പ്
- കുളക്കര

❐ മാതൃകപോലെ മാറ്റി എഴുതുക.

മാതൃക : പതുക്കെ + പതുക്കെ = പതുക്കെപ്പതുക്കെ

- പാറിപ്പോയി
- കന്നിപ്പാടം

❐ കൂടുതൽ ഉദാഹരണങ്ങൾ

- ഇറങ്ങിപ്പോകുന്നു
- കരിയില
- ഏതവസ്ഥ
- അതത്
- വീടാവുന്നില്ല

## (2 സ്കോർ)

- അർത്ഥവ്യത്യാസം വരാതെ രണ്ടുവാക്യങ്ങളാക്കുക.
  - ഏതോ ദിശയിൽ അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു.

ഉത്തരം : ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റ്. അതിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറി പോയിരിക്കുന്നു.

- അച്ഛൻ പോയതോടുകൂടി വല്ലപ്പോഴുമൊന്ന് കടുപ്പിച്ചു സംസാരിക്കാനുള്ള അവസരം അമ്മയ്ക്ക് നഷ്ടപ്പെട്ടു.

ഉത്തരം : അച്ഛൻ പോയി. അതോടുകൂടി വല്ലപ്പോഴുമൊന്ന് കടുപ്പിച്ച് സംസാരിക്കാനുള്ള അവസരം അമ്മയ്ക്ക് നഷ്ടപ്പെട്ടു.

- **അടിവരയിട്ട പദങ്ങളുടെ പ്രയോഗഭംഗി കണ്ടെത്തുക.**
  - ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ. ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ മാറിപ്പോയിരിക്കുന്നു.

ഉത്തരം : അച്ഛന്റെ ശബ്ദവും സാന്നിധ്യവും ആയിരുന്നു വീടിനെ സജീവമാക്കിയിരുന്നത്. അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിശബ്ദത തളംകെട്ടി നിൽക്കുന്നു.

- മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.

ഉത്തരം : പ്രായത്തിന്റെ അവശതയാൽ അച്ഛൻ കിടപ്പിലാകുന്നു. അപ്പോഴും തന്റെ ചുറ്റുപാടുകളിൽ നടക്കുന്ന കാര്യങ്ങൾ അതുമായുള്ള ആത്മബന്ധത്താൽ കൃത്യമായി തിരിച്ചറിയാൻ അച്ഛന് കഴിയുന്നു. കിടന്നിടത്തുനിന്ന് അച്ഛൻ പറഞ്ഞ കാര്യങ്ങളെല്ലാം സത്യമായിരുന്നു എന്ന് പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാകുന്നു.

- **ശൈലിയുടെ അർത്ഥം വ്യാഖ്യാനിക്കുക.**
  - തേഞ്ഞുതീർന്ന കാൽമുട്ടുകളിലെ വേദനയും താങ്ങി മുറിയിലൂടെ അച്ചാലും മുച്ചാലും നടക്കേണ്ടതില്ലല്ലോ.

വീട്ടിനുള്ളിലൂടെ നിരന്തരം അങ്ങോട്ടുമിങ്ങോട്ടും നടക്കുക എന്നാണ് ഇതിന്റെ പൊരുൾ. ഇവിടെ അച്ഛന്റെ മരണത്തിനുശേഷം ഒറ്റയ്ക്കായിത്തീരുന്ന അമ്മ അച്ഛന്റെ വിളികൾക്ക് പിന്നാലെ നടക്കേണ്ടതില്ലല്ലോ എന്ന് സൂചിപ്പിക്കാനാണ് ഇത് പ്രയോഗിച്ചിരിക്കുന്നത്.

## (4 സ്കോർ)

- “ഓർക്ക് ഇതെല്ലാം കാണാൻ എടേം പോണോന്നില്ല. ആട കിടന്നാലറിയാം, കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്.”

  – തന്റെ ചുറ്റുപാടുകളുമായി ആഴത്തിൽ ബന്ധം സ്ഥാപിച്ച ഒരാളാണ് ‘ഓരോ വിളിയും കാത്ത്’ എന്ന കഥയിലെ അച്ഛൻ. കണാരന്റെ വാക്കുകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

  - അച്ഛൻ തന്റെ ചുറ്റുപാടുകളുമായി നല്ല ബന്ധം പുലർത്തിയിരുന്ന ആളാണ്.
  - ഒരു കൃഷിക്കാരൻ എന്ന നിലയിൽ തന്റെ പറമ്പിൽ ഉണ്ടാക്കിയ ഓരോന്നും സംരക്ഷിക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു.
  - കിടപ്പിലായപ്പോഴും അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ ചുറ്റുപാടുകളിൽ എന്തു നടക്കുന്നു എന്നതിലായിരുന്നു.
  - ഒരു നാട്ടുമ്പുറത്തെ സാധാരണ കർഷകൻ തന്റെ പരിസരത്തെ എങ്ങനെയാണ് സ്നേഹിച്ചിരുന്നത് എന്നതിന്റെ തെളിവാണ് അച്ഛൻ.
  - കണാരന് തന്റെ അയൽക്കാരനായിരുന്ന ഈ മനുഷ്യനെക്കുറിച്ച് നല്ല ധാരണ ഉണ്ട്.

- “നിന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്.”

  “ഇല്ലച്ഛമ്മേ ഒന്നും കേൾക്കില്ല. ടിവിയുടെ ഒച്ചമാത്രമേ കേൾക്കാൻ പറ്റൂ.”

  “നല്ല വെള്ളോമില്ല, നിലാവൂല്ല, കൂമന്റെ ഒച്ചേമില്ല. പിന്നെ എന്താ ആട ഉള്ളത്.”

  “നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാവുന്നില്ല.”

  – എന്താണ് വീട് എന്നതിനെക്കുറിച്ച് വളരെ സവിശേഷമായ ഒരു കാഴ്ചപ്പാട് ‘ഓരോ വിളിയും കാത്ത്’ എന്ന കഥ മുന്നോട്ടുവയ്ക്കുന്നുണ്ട്. തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക :

- ബാഹ്യസൗന്ദര്യമല്ല വീടിനെ വീടാക്കി മാറ്റുന്നത്.
- പരസ്പരവിശ്വാസം, പങ്കുവെക്കൽ, കരുതൽ, പരസ്പരസ്നേഹം, അയൽപക്ക ബന്ധങ്ങൾ, കൂട്ടായ്മ എന്നിവയിൽ പുലരുന്നു ഈ കഥയിലെ വീട്.
- ഇണക്കങ്ങൾ, പിണക്കങ്ങൾ, പരാതികൾ, പരിഭവങ്ങൾ ഇവയിലൂടെയാണ് വീടുകൾ സജീവമാവുന്നത്.
- പ്രകൃതിയിലെ മറ്റ് ജീവജാതികളും മനുഷ്യജീവിതത്തെ മനോഹരമാക്കുന്നതിന് സഹായിക്കുന്നു.

- മനുഷ്യരുടെ സാന്നിധ്യമാണ് വീടിനെ വീടാക്കുന്ന മറ്റൊരു ഘടകം.
- അതുകൊണ്ടാണ് അച്ഛന്റെ അസാന്നിധ്യം വീടിനെ വീടല്ലാതാക്കിയത്.

❑ "ഞാനെങ്ങനെയാ മോനെ വര്യാ. അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാണ്. ഇന്നലെയും വിളിച്ചു."

– വരികളിൽ തെളിയുന്ന അമ്മയുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം, തീവ്രമായ സ്നേഹം തുടങ്ങിയവ വെളിവാക്കുന്ന സന്ദർഭങ്ങൾ.
- അച്ഛന്റെ വേർപാടിൽ അനുഭവിക്കുന്ന ഏകാന്തത, ശൂന്യത, നിരാശ തുടങ്ങിയവ
- അച്ഛന്റെ മരണം ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ.
- അച്ഛന്റെ വിളികൾക്ക് പിന്നാലെ നടന്ന ഒരു ജീവിതകാലത്തിന്റെ മുഴുവൻ അനുഭവങ്ങൾ.
- അച്ഛന്റെ വിളികൾക്ക് പിന്നാലെ പോവുമ്പോൾ ചെറുപ്പത്തിലേക്ക് മടങ്ങുന്ന അമ്മ ഇണക്കങ്ങളും പിണക്കങ്ങളും നിറഞ്ഞ നാട്ടുമ്പുറജീവിതത്തിന്റെ കരുത്തുറ്റ കഥാപാത്രമാണ്.

❑ 'ഓരോ വിളിയും കാത്ത്' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട്? കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- 'വിളി' എന്ന വാക്ക് കഥയിൽ ആവർത്തിച്ചാവർത്തിച്ചുവരുന്നു.
- വിളിക്കാനും ആരുമില്ലാത്ത വീട്
- ഇത്രയും കാലം അച്ഛന്റെ ഓരോ വിളികൾക്കു പിന്നാലെയും അമ്മ ഓടുകയായിരുന്നു.
- വളരെ അപ്രതീക്ഷിതമായി അച്ഛന്റെ വിളി ഉണ്ടാവും.
- അച്ഛന്റെ വിളികൾക്ക് പിന്നാലെ പോകുമ്പോൾ അമ്മ ചെറുപ്പമാകുന്നു എന്ന മകന്റെ ചിന്ത.
- കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങൾ വിളിക്കുന്നിടത്തും ഞാൻ എത്തുന്നുണ്ടല്ലോ എന്ന അമ്മയുടെ വാക്കുകൾ

- ഇന്നലെയും വിളിച്ചു. വിളിക്കുമ്പോൾ ഞാൻ ഇല്ലാന്ന് വെച്ചാൽ
- മകനും അമ്മയെ നഗരത്തിലേക്ക് വിളിക്കാൻ തന്നെയാണ് ആഗ്രഹിക്കുന്നത്.

## (2 സ്കോർ)

- അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു. അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥസാധ്യതകൾ ഒന്നോ രണ്ടോ വാക്യത്തിൽ എഴുതുക.

ഉത്തരസൂചിക

- അച്ഛന്റെ മരണം അമ്മയെ മാനസികമായി തളർത്തുന്നു. അച്ഛന്റെ വിളികൾക്ക് കാതോർക്കുകയും അതിന്റെ പിറകേ ഓടുകയും ചെയ്ത അമ്മ അച്ഛൻ ഇല്ലാതായതോടുകൂടി വല്ലാത്ത ഏകാന്തത അനുഭവിക്കുന്നു.

## (6 സ്കോർ)

- **കഥാപാത്രനിരൂപണം**

**അച്ഛൻ**

- മറ്റു കഥാപാത്രങ്ങളുടെ ഓർമ്മകളിൽ നിന്നും വാക്കുകളിൽ നിന്നും വ്യക്തമാകുന്ന പാത്രസവിശേഷതകളാണ് അച്ഛൻ എന്ന കഥാപാത്രത്തിനുള്ളത്.
- വിളിക്കുന്ന ഉടൻ തന്നെ മറുപടി ലഭിക്കാതിരുന്നാൽ കോപം കൊണ്ട് വിറയ്ക്കുന്ന അച്ഛൻ.
- അച്ഛന്റെ മരണത്തോടുകൂടി വീട് വീടല്ലാതായി തീർന്ന അവസ്ഥ.
- നീണ്ട വരാന്തകളും വെണ്മയാർന്ന......
- കിടപ്പിലായപ്പോൾ പോലും വീടും ചുറ്റുപാടുകളുമായി വളരെ കൃത്യമായി ബന്ധം പുലർത്തിയിരുന്ന ആളാണ് അച്ഛൻ.
- കുളത്തിന്റെ കിഴക്കേ ഭാഗത്തുള്ള കവുങ്ങിൽ.......
- അമ്മയുടെ ഓർമ്മയിലും വാക്കുകളിലും നിറയുന്ന അച്ഛൻ
- വിളിക്കുന്ന അതേ നിമിഷത്തിൽ തന്നെ മറുപടി നൽകാൻ അമ്മ ശ്രദ്ധിക്കാറുണ്ട്.
- അച്ഛന്റെ വിളികൾക്ക് പിന്നാലെ പോവുക എന്നത് അമ്മയുടെ ശീലത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.
- വലിയ വിഷമം തോന്നുന്ന ചില സന്ദർഭങ്ങളിൽ മാത്രം അമ്മ മറുത്തുപറയുന്നു. അപ്പോൾ അച്ഛൻ നിശബ്ദനാകുന്നു.

- വാവുബലിയുടെ ഭാഗമായി നടക്കുന്ന ചടങ്ങിൽ അമ്മ ഇളനീരിനൊപ്പം കാപ്പിയും വെക്കുന്നു.
- മരിച്ചിട്ടും അച്ഛന്റെ ഇഷ്ടങ്ങളെ പിന്തുടരുന്നു.
- കഥയുടെ അവസാനത്തിൽ മകനോടൊപ്പം പോകാനുള്ള അമ്മയുടെ തീരുമാനം അവർ മാറ്റുന്നു.
- അച്ഛൻ ഇന്നലെയും വിളിച്ചു. വിളിക്കുമ്പോൾ ഞാൻ ഇവിടെ ഇല്ലാന്ന് വെച്ചാൽ എന്ന പാതിവാക്യത്തിൽ അമ്മ തന്റെ മനസ്സ് ഒതുക്കിവയ്ക്കുകയാണ്.
- അച്ഛൻ മരിച്ചു എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥയിലാണ് അമ്മ ഇപ്പോഴും ഉള്ളത്.
- ഇത് അച്ഛൻ എന്ന കഥാപാത്രത്തിന് തന്റെ ചുറ്റുപാടുകളോട് ഉണ്ടായിരുന്ന ദൃഢമായ സ്നേഹബന്ധത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്.

▫ **കഥാപാത്ര നിരൂപണം**

**അമ്മ**

- അച്ഛന്റെ വിളികൾക്ക് പിന്നാലെ പായുന്ന അമ്മ.
- പുതിയ അവസ്ഥയുമായി ഇണങ്ങിവരുന്ന അമ്മ.
- ഒറ്റപ്പെടലിന്റെ അവസ്ഥയിൽ കൂടുതൽ ഗൗരവക്കാരി ആകുന്നു.
- ദുഃഖം പുറത്തുകാണിക്കാത്ത പ്രകൃതം
- അച്ഛന്റെ കിടന്നിടത്തു നിന്നുള്ള ചോദ്യങ്ങൾക്കും വിളികൾക്കും അമ്മ മറുപടി നൽകുമായിരുന്നു.
- വലിയ വിഷമം തോന്നുന്ന സന്ദർഭത്തിൽ അമ്മ ചിലപ്പോൾ മറുത്തുപറയും.
- അച്ഛന്റെ വിളികൾക്ക് പിന്നാലെ പോകുമ്പോൾ അമ്മ ചെറുപ്പക്കാരി ആകുന്നു.
- അച്ഛന് ഇളനീരിനൊപ്പം നൽകുന്ന കാപ്പി അച്ഛന്റെ മരണത്തെ അംഗീകരിക്കാനുള്ള മടികൂടിയാണ്.
- നല്ല നിലാവൂല്ല. കുമന്റെ ഒച്ചയുമില്ല. പിന്നെന്താ ആട ഉള്ളത് എന്ന വീടിനെക്കുറിച്ചുള്ള സങ്കല്പം.
- ഇപ്പോഴും എടേ കൂടെ പോന്ന ചിലർ വിവരമറിയാതെ ചോദിക്കും മൂപ്പരെങ്ങോട്ടുപോയി. ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലെ അറിയൂ. അച്ഛന്റെ മരണം ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ.

***

# അമ്മത്തൊട്ടിൽ

## റഫീഖ് അഹമ്മദ്

- കവിയായും സിനിമാഗാന രചയിതാവ് എന്ന നിലയിലും മലയാളികളുടെ അഭിമാനമാണ് റഫീഖ് അഹമ്മദ്. 2006 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് 'അലമാര' എന്ന കവിതയ്ക്ക് ലഭിച്ചു. വൈലോപ്പിള്ളി അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. പാറയിൽ പണിഞ്ഞത്, ആൽമരം, ചീട്ടു കളിക്കാർ എന്നിവ അദ്ദേഹത്തിന്റെ ചില കവിതകളാണ്.

### കവിതയിലൂടെ...

അനാഥരായ കുഞ്ഞുങ്ങളെ ഉപേക്ഷിക്കുന്ന ഇടമാണ് അമ്മത്തൊട്ടിൽ. വൃദ്ധയായ അമ്മയെ ഉപേക്ഷിക്കാനായി അമ്മത്തൊട്ടിൽ തേടുന്ന മകനെയാണ് കവിതയിൽ കാണുന്നത്. വാർധക്യത്തോടുള്ള പുതിയ കാലത്തിന്റെ സമീപനത്തെകുറിച്ച് ശക്തമായ പ്രതികരണമായി അമ്മത്തൊട്ടിൽ എന്ന കവിത മാറുന്നു. ജീവിതം മുഴുവൻ മക്കൾക്കുവേണ്ടി ത്യാഗം ചെയ്യുന്ന മാതാപിതാക്കളെ തെരുവോരങ്ങളിലും വൃദ്ധസദനങ്ങളിലും ആരും അറിയാതെ ഉപേക്ഷിക്കുന്ന പുതുതലമുറയുടെ മാനസികഭാവത്തെ ഈ കവിത മനോഹരമായി അവതരിപ്പിക്കുന്നു.

വാർദ്ധക്യത്തിന്റെ അവശത കാരണം എത്ര തന്നെ നേരെ ഇരുത്താൻ ശ്രമിച്ചിട്ടും ചാഞ്ഞുപോകുന്ന അമ്മയെ തന്റെ വാഹനത്തിന്റെ പിൻസീറ്റിൽ ഇരുത്തി ഉപേക്ഷിക്കാൻ കൊണ്ടുപോകുന്ന മകനിലൂടെയാണ് കവിത തുടങ്ങുന്നത്. ഉപഭോഗസംസ്കാരത്തിന്റെ ദേവാലയമായി കരുതുന്ന മാളിന് സമീപത്തും ജില്ലാ ആശുപത്രിയുടെ പിന്നിലെ ഇരുട്ടിലും അറിവ് പകർന്ന വിദ്യാലയമുറ്റത്തും അമ്പലത്തിനരികിലും അമ്മയെ മകൻ ഉപേക്ഷിക്കാൻ ശ്രമിക്കുന്നു. അപ്പോഴൊക്കെയും ഓരോ ഇടവും അമ്മയുടെ ശ്രദ്ധയും കരുതലും പകർന്ന ജീവിതാനുഭവങ്ങളുടെ ഓർമ്മകൾ കുറ്റബോധത്തിന്റെ നീറ്റലായി മകനെ പിന്തിരിപ്പിക്കുന്നു. ഒടുവിൽ അമ്മയെ തന്റെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുമ്പോഴേക്കും അമ്മ മരണത്തിലേക്ക് യാത്രയാകുന്നു.

- **ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക (സ്കോർ 1)**

  മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായി എന്ന പ്രയോഗം കൊണ്ട് കവി അർത്ഥമാക്കുന്നതെന്ത്?

  - വാർദ്ധക്യത്തിന്റെ ദൈന്യത പേറുന്ന കണ്ണുകളെ
  - സ്വർണ്ണനിറമാർന്ന അമ്മയുടെ മുഖത്തെ
  - വെയിൽ കൊണ്ട് മഞ്ഞ നിറമാർന്ന പ്രകൃതിയെ
  - മുൻപ് ഉപയോഗിച്ചിരുന്ന പിഞ്ഞാണത്തെ

  (വാർദ്ധക്യത്തിന്റെ ദൈന്യത പേറുന്ന കണ്ണുകളെ)

- മാതൃകപോലെ മാറ്റി എഴുതുക.

  - പിഞ്ഞാണവർണ്ണം - പിഞ്ഞാണത്തിന്റെ വർണ്ണം
  - വിദ്യാലയമുറ്റം -

ഉത്തരം: വിദ്യാലയത്തിന്റെ മുറ്റം

- **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (സ്കോർ 2)**

  “എങ്ങിനികൊണ്ടിറക്കേണ്ടൂ സ്വയം ബുദ്ധി-
  കെട്ടുകരിന്തിരിയാളുംവരെയവർ
  ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
  ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ”

  - കരിന്തിരിയാളുക എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക?

ഉത്തരസൂചിക

എണ്ണവറ്റി കത്തുന്നതിനെയാണ് കരിന്തിരിയാളുക എന്ന് വിശേഷിപ്പിക്കുന്നത്. എണ്ണയില്ലാതെ കത്തുന്ന തിരി പോലെ അമ്മയുടെ ജീവനും ബോധവും തീരാറായിരിക്കുന്നു എന്ന സൂചന.

- നീരറ്റു വറ്റി വരണ്ട കൈ ചുള്ളികൾ എന്ന പ്രയോഗത്തിന്റെ അർത്ഥസാധ്യതകൾ എന്തെല്ലാം?

  - വാർദ്ധക്യത്തിന്റെ ദൈന്യത വ്യക്തമാക്കാൻ ഈ പ്രയോഗത്തിന് സാധിക്കുന്നു.
  - പ്രായാധിക്യത്താൽ ക്ഷീണിച്ചു ഉണങ്ങിയ ശരീരമായി തീർന്നിരിക്കുന്നു.
  - സ്നേഹവിശ്വാസങ്ങളുടെ കരുതൽ നഷ്ടപ്പെട്ട് ഉണങ്ങി പോയിരിക്കുന്നു.

- “ഇപ്പോൾ വിജനമായീ തെരുവീഥികൾ

  ആകാശഗോപുരങ്ങൾക്ക് താഴെത്തവ

  നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു”

  – നഗരജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സവിശേഷസൂചനകൾ ആണ് കവി നൽകുന്ന്?

ഉത്തരസൂചിക

- മനസ്സ് ശാന്തമാകുമ്പോഴാണ് ഉറങ്ങാനാവുക.
- നഗരം പോലെ അശാന്തമാണ് നഗരവാസികളുടെ മനസ്സും
- രാത്രികാലങ്ങളിൽ ഉറങ്ങാൻ ശ്രമിക്കുകയാണ് നഗരവും നഗരവാസികളും.

- **അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (സ്കോർ 4)**

  ‘വാണ്ടുക കുടിക്കുക പുറത്തേക്കെറിയുക

  ജീവിതം നിറച്ചൊരീകൂടുകൾ നാളേക്കില്ല’

  – മാമ്പഴക്കാലം, പി.പി. രാമചന്ദ്രൻ

  – പുതിയകാല സമൂഹത്തിന്റെ ഉപയോഗിച്ചു വലിച്ചെറിയുന്ന പ്രവണത ബന്ധങ്ങളിലും കടന്നുവന്നിട്ടുണ്ടോ? തന്നിരിക്കുന്ന വരികളെയും അമ്മത്തൊട്ടിൽ എന്ന കവിതയെയും വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- ഉപഭോഗ സംസ്കാരത്തിന്റെ മുദ്രാവാക്യം ഉപയോഗിച്ച് വലിച്ചെറിയുക എന്നതാണ്
- അമ്മത്തൊട്ടിൽ എന്ന കവിതയിൽ വാർദ്ധകൃത്തിലെത്തിയ അമ്മയെ ഉപേക്ഷിക്കാനുള്ള ശ്രമമാണ്.
- ആവശ്യമില്ലാത്ത ബന്ധങ്ങളെ ഉപേക്ഷിക്കുന്നതിന്റെ ഉദാഹരണമാണ് ഇന്ന് കാണുന്ന വൃദ്ധസദനങ്ങളുടെ വർദ്ധനവ്.

- ‘അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽപോ-

  ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്’

  അമ്മയെ ഉപേക്ഷിക്കുന്നതിലുള്ള കുറ്റബോധത്തിന്റെ സൂചിമുന നീറ്റലായി മകന് അനുഭവപ്പെടുന്നുവോ? വിശകലന കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- അമ്മയെ ജില്ല ആശുപത്രിക്ക് അരികിൽ ഉപേക്ഷിക്കാൻ ഒരുങ്ങുന്ന മകൻ
- പനിപിടിച്ച മകനെയും എടുത്ത് ഓടിക്കിതച്ച് പടികയറുന്ന അമ്മയെക്കുറിച്ചുള്ള ഓർമ്മ
- ഓർമ്മയിലെ സൂചിപ്രയോഗം പനിചൂടിൽ നിന്നും ആശ്വാസം ലഭിക്കാനായിരുന്നു.
- മനസ്സിൽ ഉണരുന്ന കുറ്റബോധത്തിന്റെ സൂചന

- 'ഏറെ തണുക്കുന്നു ചില്ലുയർത്തീടുമ്പോ
ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്നഗന്ധംപുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം'

  - വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- അമ്മയുമായി ബന്ധപ്പെട്ട ദൃഢമായ കുട്ടിക്കാല ഓർമ്മകളാണ് വരികളിലുള്ളത്.
- അമ്മയുടെ ഗന്ധവും സ്പർശനവും നിറഞ്ഞ ഓർമ്മകൾ
- കുട്ടിക്കാലത്തിൽ വൈകാരിക സുരക്ഷിതത്വം നൽകിയ ഓർമ്മകൾ
- ഇന്ന് അവശയായ അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നും ഇത്തരം ഓർമ്മകൾ മകനെ പിന്തിരിപ്പിക്കുന്നു.

- **ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (സ്കോർ 6)**

വാർദ്ധക്യം കരുതലും സംരക്ഷണവും ആവശ്യപ്പെടുന്ന കാലമാണ് ഇത്. വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ നമുക്ക് ചുറ്റിലും ഉണ്ട്. 'നിസ്സഹായരായി പോകുന്ന വാർദ്ധക്യം' എന്ന വിഷയത്തെക്കുറിച്ച് 'അമ്മത്തൊട്ടിൽ' എന്ന കവിതയെ മുൻനിർത്തി പ്രഭാഷണം തയ്യാറാക്കുക.

ഉത്തരസൂചിക

- വാർദ്ധക്യത്തിൽ ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം വൈകാരിക സംരക്ഷണവും വളരെ പ്രധാനമാണ്.
- മനുഷ്യജീവിതത്തിന്റെ സങ്കീർണമായ അനുഭവങ്ങളിലൂടെ കടന്നുപോയവരാണ് വൃദ്ധർ.

- മക്കളെ വളർത്തുന്നതിനിടയിൽ തങ്ങളെ മറന്നുപോയവർ
- ഇക്കാലം വാങ്ങിക്കൂട്ടലുകളുടെയും ഉപയോഗിച്ച് വലിച്ചെറിയലുകളുടെയും കാലമാണ്.
- ബന്ധങ്ങളെയും അത്തരത്തിൽ കാണുന്നു.
- ബന്ധങ്ങളുടെ നനുത്ത ഓർമ്മകളാണ് പൊട്ടിപ്പോയ വേരുളെ വീണ്ടും ബലപ്പെടുത്തുന്നത്.
- അമ്മത്തൊട്ടിൽ എന്ന കവിതയിൽ അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങുന്ന മകനെ ബാല്യകാല ഓർമ്മകൾ പിന്തിരിപ്പിക്കുന്നതാണ് പ്രമേയം.
- ഔചിത്യപൂർണ്ണമായ പ്രയോഗങ്ങൾ.

***

### യൂണിറ്റ് 2

# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

**പ്രവേശകം**

നല്ല മനുഷ്യർ പാർക്കുന്ന ഇടം നന്നായി വരും. കാടായാലും നാടായാലും കുന്നായാലും കുഴിയായാലും അവിടെ പാർക്കുന്ന മനുഷ്യരുടെ ഗുണമാണ് അവിടുത്തെ നന്മ നിശ്ചയിക്കുന്നത്. ഔവയാറിന്റെ വരികളുടെ ആശയം ഇതാണ്. നാട്ടുവഴികളിലും മൊഴികളിലും അല്പമെങ്കിലും ഈ നന്മ അവശേഷിക്കുന്നുണ്ട് എന്നാണ് ഈ യൂണിറ്റ് മുന്നോട്ടുവയ്ക്കുന്ന ആശയം.

1. കൊച്ചുചക്കരച്ചി 2. ഓണമുറ്റത്ത് 3. കോഴിയും കിഴവിയും 4. ശ്രീനാരായണഗുരു

## കൊച്ചുചക്കരച്ചി

**പ്രധാന ആശയങ്ങൾ**

- മാവ് ശ്രേഷ്ഠമായ വൃക്ഷമാണ്.
- മാവിന് അനേകം ഗുണങ്ങളുണ്ട്.
- നാട്ടിൻപുറത്തെ വീട്ടിൽ മാവിന്റെ സാന്നിധ്യം പലവിധത്തിൽ ഉണ്ടാകും.
- പഴയകാലത്ത് കുട്ടികൾ കളിച്ചിരുന്നത് മാവിൻ ചുവട്ടിലാണ്.
- ലേഖകന്റെ തറവാട്ടിലെ എല്ലാവർക്കും പ്രിയപ്പെട്ട വൃക്ഷമായിരുന്നു കൊച്ചുചക്കരച്ചി എന്ന മാവ്.
- പല തലമുറകളുടെ ജീവിതത്തിന് ഈ വൃക്ഷം സാക്ഷിയാണ്.
- നാവുണ്ടായിരുന്നെങ്കിൽ അത് കുടുംബചരിത്രം പറയുമായിരുന്നു.
- ഇതിലെ മാങ്ങ ഒരിക്കലും വിൽക്കാൻ സാധിച്ചിരുന്നില്ല.
- നിറയെ ഉറുമ്പുകൾ ഉണ്ട്.

- എന്നാൽ മാങ്ങ തിന്നാൻ ആഗ്രഹിച്ചവർക്കെല്ലാം അത് കിട്ടി.
- വലിയ മരമായിട്ടും ആരും അത് മുറിക്കാൻ അനുവദിച്ചില്ല.
- രോഗം വന്ന് ഒരു ഭാഗം കേടായപ്പോൾ അപകടം ഒഴിവാക്കാൻ വൃക്ഷം മുറിക്കാൻ തീരുമാനിക്കുന്നു.
- അമ്മ സമ്മതിക്കുന്നില്ല.
- മാവ് ചതിക്കില്ല എന്ന വിശ്വാസത്തിലാണ് അമ്മ.
- പിന്നീട് ഉണ്ടായ ചെറിയ കാറ്റിൽ അത് വീണു.
- ഒട്ടും അപകടം സംഭവിച്ചില്ല
- അമ്മയുടെ വിശ്വാസം ജയിച്ചു.
- മാവിന് മനുഷ്യഭാവം നൽകിയാണ് ലേഖകൻ അവതരിപ്പിക്കുന്നത്.
- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള, പ്രത്യേകിച്ച് വൃക്ഷങ്ങളും തമ്മിലുള്ള ഗാഢമായ ബന്ധത്തിന്റെ അവതരണമാണ് കൊച്ചുചക്കരച്ചി.

## (1 സ്കോർ)

- കവികളായ അവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും കൊതിയ സമാജത്തിൽ അംഗങ്ങളായിരുന്നിരിക്കണം. അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹ രൂപം ഏത്?
  - കൊതിയുടെ സമാജം
  - കൊതിയന്മാരുടെ സമാജം
  - കൊതിയും സമാജവും
  - കൊതിയാകുന്ന സമാജം

- കൊച്ചുചക്കരച്ചി വീഴില്ല വീണാലും ആപത്ത് വരുത്തില്ല. അമ്മയുടെ ഈ നിലപാടിൽ തെളിയുന്നത്–
  - കൊച്ചുചക്കരച്ചിക്ക് നല്ല ഉറപ്പുണ്ട് എന്ന വിശ്വാസം.
  - വലിയ മാവാണ് എന്ന ചിന്ത
  - കൊച്ചുചക്കരച്ചിയിലുള്ള വിശ്വാസം
  - കൊച്ചുചക്കരച്ചിയെ വീഴ്ത്താനുള്ള ശക്തി കാറ്റിനില്ല.

- കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും. പൂമുഖത്ത് ചെന്നിരിക്കാൻ അമ്മയെ പ്രേരിപ്പിക്കുന്നത്?
  - കൊച്ചുചക്കരച്ചിക്ക് എന്തെങ്കിലും വരുമോ എന്ന പേടി
  - കൊച്ചുചക്കരച്ചി വീഴില്ല എന്ന വിശ്വാസം
  - പൂമുഖത്തിരുന്ന് മഴ പെയ്യുന്നത് കാണാൻ
  - കൊച്ചുചക്കരച്ചി വലിയ മാവാണ് എന്ന ചിന്ത

**(സ്കോർ 2)**

- മാതൃകപോലെ മാറ്റി എഴുതുക.
  - ചുള്ളി + കമ്പ് = ചുള്ളിക്കമ്പ്
  - ഇലപ്പടർപ്പ് -
  - സ്വർണ്ണപ്പൂക്കൾ -

- നീറുകൾ എന്ന ചാവേറ്റുപട മാവിൽ കയറാൻ ശ്രമിച്ചവരെ തോൽപ്പിച്ച് ഓടിച്ചു കളഞ്ഞു. - ഈ വാക്യം നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം?
  - സ്വന്തം എതിരാളികളെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ ഉണ്ട്.
  - നാട്ടിൻപുറത്തെ മാവുകളിലെ മാങ്ങ മനുഷ്യർക്കും ജീവികൾക്കും തിന്നാൻ ഉള്ളതാണ്, വിൽക്കാനുള്ളതല്ല.

**(സ്കോർ 4)**

- കർക്കിടകമാസത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിന് താഴെ തന്റെ ഇലപ്പടർപ്പുകൾ കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെ കൊണ്ട് നക്ഷത്ര നിബിഡമായി നിൽക്കുന്നു. കൊച്ചുചക്കരച്ചിയെ വർണ്ണിക്കാൻ ലേഖകൻ ഉപയോഗിച്ചിരിക്കുന്ന ഈ വാക്കുകൾക്കുള്ള സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- മനോഹരവും കാവ്യാത്മകവുമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്.
- മാവിന് മനുഷ്യഭാവം നൽകുന്നു.
- ആകാശം പോലെ മറ്റൊരാകാശമായി മാവ് മാറുന്നു.

- കർക്കിടകത്തിലെ അന്ധാരം നിറഞ്ഞ രാത്രി
- നക്ഷത്രങ്ങൾ ആവുന്ന മിന്നാമിനുങ്ങിന്റെ സാന്നിധ്യം
- ആകാശത്തിൽ നക്ഷത്രം, മാവിൽ മിന്നാമിനുങ്ങുകൾ

## (സ്കോർ 6)

▫ **കഥാപാത്രനിരൂപണം**

**അമ്മ**

ഉത്തരസൂചിക

- തന്റെ ചുറ്റുപാടുകളോട് അഗാധമായ ആത്മബന്ധം പുലർത്തിയിരുന്ന പഴയ തലമുറയിലെ ഒരു സ്ത്രീ.
- വീട്ടുമുറ്റത്തെ വൃക്ഷങ്ങളെ പൈതൃകസ്വത്തായും കുടുംബാംഗങ്ങളായും പരിഗണിച്ചിരുന്ന പഴയ തലമുറയുടെ പ്രതിനിധി.
- കൊച്ചുചക്കരച്ചിയോട് സവിശേഷമായ ആത്മബന്ധം പുലർത്തിയിരുന്നു.
- ബുദ്ധിക്കും യുക്തിക്കും അപ്പുറം ഭക്തിക്കും വിശ്വാസത്തിനും പ്രാധാന്യം കൽപ്പിച്ച നാട്ടിൻപുറത്തുകാരി.
- കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസത്തിന്റെ ഉടമ.
- വിശ്വാസം ജയിക്കുന്നു
- മാവ് വീഴുന്നത് ഒന്നും നശിപ്പിക്കാതെയാണ്.

▫ അമ്മയ്ക്ക് തുല്യമായ കഥാപാത്രം തന്നെയാണ് കൊച്ചുചക്കരച്ചിയിലെ കൊച്ചുചക്കരച്ചി എന്ന മാവ്.

- ഈ അഭിപ്രായം വിലയിരുത്തി കൊച്ചുചക്കരച്ചിയുടെ കഥാപാത്രനിരൂപണം തയ്യാറാക്കുക.

ഉത്തരസൂചിക

- വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവ്
- മാവുകളിൽ പ്രധാനി കൊച്ചുചക്കരച്ചി
- കുലശ്രേഷ്ഠയായി പരിഗണിച്ചു.
- അനേകം തലമുറകൾക്ക് മധുരവും തണലും നൽകി
- തറവാടിന്റെ ഉയർച്ചതാഴ്ചകൾ കണ്ടു.
- തറവാട്ടിലെ പലരും - അമ്മയെപ്പോലെ - കുടുംബാംഗമായി തന്നെ പരിഗണിച്ചു.

- മാവു മുറിക്കാനുള്ള ശ്രമം പലരും ചേർന്ന് തടയുന്നു.
- കേടു ബാധിച്ച് ബലക്ഷയം സംഭവിച്ചിട്ടും മുറിക്കാൻ സമ്മതിക്കുന്നില്ല.
- നിബിഡവും ശ്യാമളവുമായ മുടി തുടങ്ങിയ പ്രയോഗങ്ങളുടെ സവിശേഷതകൾ
- കൊച്ചുചക്കരച്ചി ഒരു നാശവും വരുത്താതെ സ്വാഭാവികമായി വീഴുന്നു
- അമ്മയുടെ വിശ്വാസം വിജയിക്കുന്നു.
- അവിടെ മുളച്ചുപൊന്തിയ പുതിയ മാവ് കൊച്ചുചക്കരച്ചിയുടെ മകൾ എന്ന കാഴ്ചപ്പാടിൽ വളരുന്നു.

***

# ഓണമുറ്റത്ത്

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

- ജീവിതത്തിന്റെ കടലാണ് തന്റെ കവിതയ്ക്ക് മഷിപ്പാത്രം എന്ന് സ്വയം വിശേഷിപ്പിച്ച കവി.
- ശ്രീ എന്ന തൂലികാനാമത്തിൽ എഴുതി തുടങ്ങി.
- കവിതകളിലൂടെ സാമൂഹ്യപ്രശ്നങ്ങളെ അഭിസംബോധന ചെയ്ത കവി.
- ഗ്രാമവിശുദ്ധിയിൽ ഏറെ വിശ്വസിച്ചിരുന്ന, അടിസ്ഥാനവർഗ്ഗത്തിന്റെ പ്രശ്നങ്ങളെ കവിതയിലൂടെ ആവിഷ്കരിക്കാൻ ശ്രമിച്ച കവി.
- ഓണം എന്ന പുരാവൃത്തത്തെ, അതിന്റെ അന്തഃസത്തയെ കവിതകളിലൂടെ വൈലോപ്പിള്ളി ശ്രീധരമേനോൻ ഓർമ്മപ്പെടുത്തുന്നു.
- 'ഓണപ്പാട്ടുകാരൻ' എന്ന വിശേഷണത്തിൽ അഭിമാനം കൊള്ളുന്ന കവി.
- വൈലോപ്പിള്ളി കവിതകളിലെ നിറസാന്നിധ്യമായി കാർഷിക പ്രകൃതി കടന്നുവരുന്നു.
- പ്രകൃതിയും മനുഷ്യനും ഒന്നുചേരുന്ന സമഗ്രത വൈലോപ്പിള്ളി കവിതകളിൽ കാണാം.
- അന്ന് വരെ മലയാള കവിതയിൽ നിലനിന്നിരുന്ന ഭാവുകത്വത്തിന്റെ മാറ്റം വൈലോപ്പിള്ളി കവിതകളിൽ കാണാം.
- കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ്, നെഹ്റു അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. സമസ്ത കേരള സാഹിത്യ പരിഷത്ത്, മലയാള സാഹിത്യ അക്കാദി, സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവയുടെ നേതൃസ്ഥാനവും വൈലോപ്പിള്ളി വഹിച്ചിട്ടുണ്ട്.
- കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ, ശ്രീരേഖ, ഓണപ്പാട്ടുകാർ, കയ്പവല്ലരി, വിട, കടൽക്കാക്കകൾ എന്നിവ പ്രധാന കവിതാസമാഹാരങ്ങൾ. ഋഷ്യശൃംഗനും അലക്സാണ്ടറും എന്ന നാടകവും അദ്ദേഹം എഴുതി. കാവ്യലോകസ്മരണകൾ വൈലോപ്പിള്ളിയുടെ ആത്മകഥയാണ്.

## ഓണമുറ്റത്ത്

കേരളീയ കാർഷിക സംസ്കൃതിയിൽ അഭിമാനിക്കുന്ന വൈലോപ്പിള്ളിയുടെ കവിതയാണ് ഓണമുറ്റത്ത്. കേരളീയ പ്രകൃതി ഓണത്തെയും മഹാബലി തമ്പുരാനേയും സ്വീകരിക്കാൻ ഒരുങ്ങിനിൽക്കുന്നത് ഈ കവിതയിൽ മനോഹരമായി വർണിക്കുന്നു. താനൊരു പുള്ളുവൻ ആണെന്നും തന്റെ കാവ്യലക്ഷ്യം എന്തെന്നും കവി പ്രഖ്യാപിക്കുന്നു. കേരളീയ സംസ്കൃതിയിൽ ഊന്നിനിൽക്കുന്ന തന്റെ കവിതകളെ പുതുകാല തലമുറ പരിഹസിക്കാമെങ്കിലും താൻ അതിൽ അഭിമാനം കൊള്ളുന്നു എന്ന് ഓണമുറ്റത്ത് എന്ന കവിതയിലൂടെ കവി ഓർമ്മപ്പെടുത്തുന്നു.

കർക്കിടകത്തിൽ നനഞ്ഞുവിറച്ച് ദൂരെ പുൽമേടുകളിൽ നിൽക്കുമ്പോഴും പൂക്കുട നിറച്ച് ഓണത്തപ്പനെ കാത്തിരിക്കുന്ന തുമ്പകൾ, തിരികൾ കൊളുത്താൻ മുഹൂർത്തം കാത്തുനിൽക്കുന്ന മുക്കുറ്റികൾ, രാത്രിയിലും ഉറങ്ങാതെ വെള്ളിത്താലത്തിൽ പൊൽക്കിഴിയുമായി വയലേലകളിൽ കാത്തിരിക്കുന്ന നെയ്യാമ്പലുകൾ, രാത്രിയിലെ നിലാവ് കമുകിൻ പൂവരിയായി തൂകി പരവതാനി വിരിച്ചതുപോലുള്ള പാതയിലൂടെ ഓണത്തപ്പൻ എഴുന്നള്ളുന്നു. പുതുകാലസ്രഷ്ടാക്കളായ കുട്ടികളോട് ആർപ്പുവിളിക്കാൻ ആവശ്യപ്പെടുന്ന കവി ചെറുകന്യകളോടും സമൂഹത്തിന്റെ എല്ലാ തുറയിൽ ഉള്ളവരോടും ആർപ്പും കുരവയുമിട്ട് ഓണത്തപ്പനെ സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. സഹ്യപർവ്വതനിരകളാകുന്ന ചങ്ങല വട്ടയിൽ സൂര്യനാളവുമായി കടന്നുവരുന്ന പ്രഭാതത്തിനോട് മഞ്ഞുതുള്ളികളാകുന്ന പനിനീരാൽ മഹാബലിയുടെ കാലുകൾ കഴുകി സ്വീകരിക്കാനും മണിപീഠത്തിൽ ഇരുത്താനും കവി ആവശ്യപ്പെടുന്നു. സമത്വത്തിന്റെ സന്ദേശം ഉണർത്തുന്ന മഹാബലിയെ പോലെ മറ്റൊരു അതിഥി മലയാളനാടിന് വേറെ ആരാണുള്ളത് എന്ന് അദ്ദേഹം ചോദിക്കുന്നു. ഓണത്തെക്കുറിച്ചുള്ള ചിന്തകൾ കവിയെ പുള്ളുവൻ ആക്കുന്നു. സമൂഹത്തിന്റെ ദോഷങ്ങൾ അകറ്റി നന്മകളെ തിരിച്ചുകൊണ്ടുവരാനുള്ള നാവേറ്റുപാട്ടുകളായി തന്റെ കവിതകളെ അദ്ദേഹം കാണുന്നു. പഴമയൂറുന്ന പാട്ടുകളാണ് തന്റേതെങ്കിലും പുതുതലമുറ തന്റെ കവിതകളെ പരിഹസിച്ചേക്കാമെങ്കിലും തന്റെ കവിതകളിൽ അഭിമാനം കൊള്ളുന്ന കവിയെ കാണാൻ കഴിയും. കേവലം ഒരു ഓണപ്പാട്ട് എന്നതിനപ്പുറത്തേക്ക് തന്റെ കാവ്യ ലക്ഷ്യം എന്തെന്ന് കവി കവിതയിലൂടെ പ്രഖ്യാപിക്കുന്നു.

**ശരിയുത്തരം തിരഞ്ഞെടുക്കുക (സ്കോർ 1)**

1. മഴ കൊണ്ട് വിറച്ച് മഹാബലിയെ എതിരേൽക്കാൻ പൂക്കുടകളുമായി കാത്തുനിൽക്കുന്നത് ആരാണ്?

   (മുക്കുറ്റി, പ്രഭാതം, തുമ്പ, വയലേലകൾ)

ഉത്തരം : തുമ്പ

2. തിരികൾ തെറുത്ത് കുഴഞ്ഞുപോയത് ആരാണ്?

(മുക്കുറ്റി, തുമ്പ, ആമ്പൽ, മേടുകൾ)

ഉത്തരം : മുക്കുറ്റി

3. മഹാബലിയെ എതിരേൽക്കാൻ കയ്യിൽ ദീപവുമായി നാണത്തോടെ കടന്നുവരുന്നത് ആരാണ്?

(ഉണ്ണികൾ, പ്രഭാതം, ചെറുകന്യകൾ, പർവ്വതനിരകൾ)

ഉത്തരം : പ്രഭാതം

- **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (സ്കോർ 2)**

- മഹാബലിയെ ആർപ്പുവിളിച്ചും കുരവയിട്ടും സ്വീകരിക്കാൻ കവി ആരോടെല്ലാം ആവശ്യപ്പെടുന്നു?

ഉത്തരം : ഉണ്ണികളോട്, അലകടലിനോട്, ചെറുകന്യകളാകും കൊച്ചരുവികളോട്.

- ഓണക്കാലത്ത് ഉണരും ഞാൻ തിരുവോണപ്പാട്ടുകൾ ആണ് പാട്ടുകൾ – വൈലോപ്പിള്ളി സ്ഥാപിക്കാൻ ശ്രമിക്കുന്നത് എന്ത്?

ഉത്തരസൂചിക : തന്റെ കവിതകൾ കേരളീയ പാരമ്പര്യത്തനിമ നിറഞ്ഞുനിൽക്കുന്നവയാണെന്നും ഓണം എന്ന പുരാവൃത്തം തന്നെ ഏറെ സ്വാധീനിച്ച ഒന്നാണെന്നും ഓണപ്പാട്ടുകാരൻ എന്ന വിശേഷണത്തിൽ താൻ അഭിമാനിക്കുന്നു എന്നുമാണ് കവി സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

- സഹ്യപർവ്വത നിരകളെ ചങ്ങലവട്ടയുമായി താരതമ്യം ചെയ്തതിന്റെ ഔചിത്യം എന്ത്?

ഉത്തരസൂചിക

കേരളത്തിന്റെ കിഴക്കനതിർത്തിയായ സഹ്യപർവ്വതമലനിരകളെ അതിന്റെ ആകൃതിയുമായി താദാത്മ്യപ്പെടുത്തിയാണ് ചങ്ങലവട്ടയുമായി താരതമ്യം ചെയ്തത്.

- **അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 4)**

- 'നല്ലതിഥി നമുക്കിനി ആരിതുപോലെ' എന്ന കവി വാക്യത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പെഴുതുക.

ഉത്തരസൂചിക

ഓണം എന്നത് മലയാളിയുടെ മറഞ്ഞുപോയ നാട്ടുനന്മകളുടെ പ്രതീകമാണ്. സമത്വസങ്കൽപ്പത്തിലടിത്തറ പാകിയ സാമൂഹ്യവ്യവസ്ഥയുടെ പ്രതീകമായ

മഹാബലിയെയല്ലാതെ മറ്റാരെയാണ് ആതിഥ്യമരുളി മലയാളം സ്വീകരിക്കേണ്ടത് എന്നാണ് കവി ചോദിക്കുന്നത്.

- ''പഴയൊരുപുള്ളുവനാണല്ലോ ഞാൻ'' എന്ന് വൈലോപ്പിള്ളി സ്വയം പരിചയപ്പെടുത്തുന്നതിന്റെ ഔചിത്യം എന്ത്? കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക : ദോഷമകറ്റാൻ നാവേറുപാടുന്നവരാണ് പുള്ളുവന്മാർ. തറവാടിന്റെ നന്മയ്ക്ക് വേണ്ടി അവർ പാടുന്നു. നാട്ടുനന്മയ്ക്ക് വേണ്ടി പാടുന്നവരാണ് കവികൾ. മറയുന്ന നാട്ടുനന്മകളും സംസ്കൃതിയും കവികൾ പുനർജീവിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. തന്റെ കവിതകളിലൂടെ സാമൂഹ്യ നന്മയെന്ന ലക്ഷ്യത്തെക്കുറിച്ച് കൂടി സൂചിപ്പിക്കുകയാണ് കവി.

- "മലയാളത്തറവാട്ടിന്നങ്കണ - വെൺമണലിങ്കലിരിപ്പൂ ഞാനെൻ

  കൈയിൽ ചാഞ്ഞുകിടപ്പൂ കൊഞ്ചലൊ-

  ടെൻ പ്രിയ മകളാം വീണപ്പെണ്ണും

  പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്നു പഴിക്കാമിന്ന് പ-

  രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ"

  - ഓണസങ്കല്പത്തോടും സാംസ്കാരിക പാരമ്പര്യത്തോടും തലമുറകൾക്ക് വന്ന മനോഭാവ വ്യത്യാസം ഈ വരികളിൽ വ്യക്തമാണ്. വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

മലയാള സാഹിത്യതറവാട്ടിൽ തന്റെ കവിതയാകുന്ന വീണമീട്ടിപ്പാടുന്ന കവിയാണ് വൈലോപ്പിള്ളി. നാടിന്റെ മഹത്വത്തെയും സംസ്കാരത്തെയും ഉദ്ഘോഷിക്കുന്ന കവി. നാട്ടുപഴമയിൽ ഇഴയുന്നവയാണ് തന്റെ കവിതകൾ എന്ന് പുതിയകാലം വിലയിരുത്തിയേക്കാം. ഉപഭോഗസംസ്കാരത്തിന്റെ ഈ കാലഘട്ടത്തിൽ ഓണ സങ്കല്പവും നഗരവൽക്കരിക്കപ്പെടുന്ന, കച്ചവടവൽക്കരിക്കപ്പെടുന്ന ഒന്നായിത്തീരുന്നു. മറഞ്ഞുപോവുന്ന നാട്ടുനന്മകളെയും ഗ്രാമീണ സംസ്കൃതിയെയും തന്റെ കവിതകളിലൂടെ തിരിച്ചുപിടിക്കാമെന്ന് കവി ആഗ്രഹിക്കുന്നു.

- കേരള ഗ്രാമപ്രകൃതിയുടെ മനോഹര ഭാവങ്ങൾ 'ഓണമുറ്റത്ത്' എന്ന കവിതയിൽ വൈലോപ്പിള്ളി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ്?

ഉത്തരസൂചിക

തുമ്പയും മുക്കുറ്റിയും നെയ്യാമ്പലുകളും വൈവിധ്യമാർന്ന ഭാവത്തോടെ ഓണത്തപ്പനെ കാത്തുനിൽക്കുന്നു. കമുകിൻ പൂവരികൊണ്ട് പരവതാനി വിരിച്ച് എതിരേൽക്കാനൊരുങ്ങുന്നു. ചങ്ങലവട്ടയിൽ സൂര്യനാളവുമായി പ്രഭാതം സ്വാഗതമരുളുന്നു.

- **ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 6)**

  നാട്ടുനന്മകൾ കൊണ്ട് വിളക്കിച്ചേർക്കുന്ന തന്റെ കവിതകളിൽ അഭിമാനം കൊള്ളുന്നവനാണ് കവി. അതിനൊപ്പം പുതിയകാലത്തെ സാംസ്കാരികാധിനിവേശത്തിൽ അമർഷവുമുണ്ട്. ഓണമുറ്റത്ത് എന്ന കവിതയെ മുൻനിർത്തി പ്രഭാഷണം തയ്യാറാക്കുക.

ഉത്തരസൂചിക

- ഗ്രാമീണ വിശുദ്ധിയുടെ തുയിലുണർത്തുപാട്ടുകളായി വൈലോപ്പിള്ളി കവിതകളെ വിശേഷിപ്പിക്കാം.
- നഗരസംസ്കാരത്തിന്റെ അധിനിവേശത്തിൽ നാടുകടത്തപ്പെടുന്ന നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ഓണത്തിന്റെ വരവറിയിക്കുന്ന പുള്ളുവനാണ് താനെന്ന് കവി അഭിമാനിക്കുന്നു.
- പാരമ്പര്യത്തിന്റെ നന്മ തന്നെ കവിതകളിൽ ഉണ്ടെന്ന് കവി വിശ്വസിക്കുന്നു.
- ഉപഭോഗസംസ്കാരത്തിന്റെയും നഗരവൽക്കരണത്തിന്റെയും പുതിയ കാലത്ത് ഓണസങ്കല്പത്തിലും ജീവിത കാഴ്ചപ്പാടിലും വന്ന മാറ്റത്തിൽ കവി അസ്വസ്ഥനാണ്.
- കമ്പോളവൽക്കരണത്തിന്റെ കാലത്ത് ഓണം വിൽപ്പനച്ചരക്കാകുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്.
- അർത്ഥമറിയാതെ പറയുന്ന വാക്കുകൾ പോലെ അന്തസത്തയില്ലാത്ത ആഘോഷമായി ഓണവും മാറിക്കഴിഞ്ഞു.

- നഗരവൽക്കരണത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും പുതിയ കാലത്ത് സമത്വബോധമുണർത്തുന്ന ഓണസങ്കല്പത്തെക്കുറിച്ച് ഓണമുറ്റത്ത് എന്ന കവിതയെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

ഉത്തരസൂചിക

- ഓണസങ്കല്പം സമത്വത്തിൽ അധിഷ്ഠിതമാണ്.
- മനോഹരമായ ഒരു സാമൂഹ്യ വ്യവസ്ഥയുടെ ചിത്രണം കൂടിയാണത്; മാതൃകയും
- ഗ്രാമീണ സംസ്കൃതി കൃഷിയുമായി ചേർത്തു നെയ്യപ്പെട്ടതാണ്.
- ഇന്ന് കൃഷിയും കൂട്ടായ്മയും കുറഞ്ഞു.
- നഗരവൽക്കരണത്തിന്റെയും പാശ്ചാത്യവൽക്കരണത്തിന്റെയും തിണ്ണയിലേറി ഇരിക്കുന്ന പുതുതലമുറക്ക് മണ്ണിലിരുന്ന് പാടുന്ന കവിയെ മനസ്സിലാവണമെന്നില്ല.
- എങ്കിലും ഒരു പുള്ളുവനായി നാട്ടുനന്മകളെ പാടിയുണർത്തുന്നതിൽ താൻ അഭിമാനം കൊള്ളുന്നു എന്ന് കവി പറയുന്നു.

# കോഴിയും കിഴവിയും

## കാരൂർ നീലകണ്ഠപിള്ള

- മന്ദസ്മിത പ്രസ്ഥാനം എന്ന വിശേഷണത്തിന് അർഹനായ എഴുത്തുകാരൻ.
- ലളിതഭാഷ
- സൂക്ഷ്മമായ ജീവിത നിരീക്ഷണങ്ങൾ
- സാധാരണ ജീവിതങ്ങളെ വൈവിധ്യമാർന്ന വിധത്തിൽ കഥയിലൂടെ ആവിഷ്കരിച്ചു.
- നിഗൂഢമായ ഒരു ഹാസ്യം കഥകളിൽ ഒളിപ്പിച്ചുവച്ചു.
- ഗഹനമായ വിഷയങ്ങളെ ലളിതമായ രീതിയിൽ അവതരിപ്പിച്ചു.
- നാട്ടിൻപുറ നന്മകൾ വിഷയമാക്കിയുള്ള ധാരാളം കഥകൾ രചിച്ചു.
- മരപ്പാവകൾ, പൊതിച്ചോറ്, മാലപ്പടക്കം, പൂവമ്പഴം മുതലായവ പ്രധാന കഥകൾ.

**കഥയുടെ പ്രധാനാശയങ്ങൾ**

- കോഴിയും കിഴവിയും നിലാവ് പെയ്യുന്ന നാട്ടുവഴികളിലെ ഗ്രാമ നന്മകളും കുഞ്ഞു കുഞ്ഞു പ്രശ്നങ്ങളും പ്രമേയമാക്കുന്ന കഥ.
- വളരെ സാധാരണക്കാരായ നാട്ടിൻപുറത്തുകാരുടെ ജീവിത പശ്ചാത്തലം.
- ചെറിയ ചെറിയ തർക്കങ്ങളിൽ ശിഥിലമാകുന്ന അയൽപക്ക ബന്ധങ്ങളാണ് കഥയ്ക്ക് പ്രമേയം.
- പ്രധാന കഥാപാത്രങ്ങൾ മത്തായി, മാർക്കോസ്, മത്തായിയുടെ അമ്മ.
- ദരിദ്രരായ മത്തായിയും അമ്മയും
- സാമാന്യം ഭേദപ്പെട്ട ജീവിതമുള്ള മാർക്കോസിന്റെ കുടുംബം
- മത്തായി മാർക്കോസിന്റെ അയൽക്കാരായിവരുന്നു.
- ചെറുതിൽ തുടങ്ങി സാമാന്യം നല്ല നിലയ്ക്ക് മത്തായിയുടെ അമ്മയുടെ കച്ചവടം വളരുന്നു.
- മത്തായി വളരുന്നതിനനുസരിച്ച് മാർക്കോസ് തളരുന്നു.

- മാർക്കോസിന്റെ അച്ഛന്റെ മരണം, സഹോദരിമാരുടെ വിവാഹം തുടങ്ങിയവ സ്വത്ത് നഷ്ടപ്പെടാൻ കാരണമായി.
- മാർക്കോസിനുണ്ടായ ക്ഷീണം മത്തായി മുതലെടുക്കുന്നു.
- ഒടുക്കം അവശേഷിക്കുന്നതും സ്വന്തമാക്കാൻ മത്തായി ആഗ്രഹിക്കുന്നു.
- കോഴിയുടെ പേരിൽ വഴക്കുണ്ടാകുന്നു.
- കുട്ടികൾ കോഴിയെ കല്ലെടുത്ത് എറിഞ്ഞുകൊന്നത് മാർക്കോസിനെ നാട്ടിൽ നിന്നും ഓടിക്കാൻ മത്തായി ഉപയോഗിക്കാൻ ശ്രമിക്കുന്നു.
- മത്തായിയുടെ നല്ലവളായ അമ്മ മാർക്കോസിനെ രക്ഷപ്പെടുത്തുന്നു.
- വാദി പ്രതിയാകുന്നിടത്ത് കഥ അവസാനിക്കുന്നു.

▫ **ഒറ്റവാക്യമാക്കുക. (സ്കോർ 2)**

- ഇപ്പോൾ മത്തായിയുടെ പറമ്പിൽ ഒരു പേരയുണ്ട്. മുമ്പ് അത് മാർക്കോസിന്റെ പറമ്പിൽ ആയിരുന്നു.

ഉത്തരം : ഇപ്പോൾ മത്തായിയുടെ പറമ്പിൽ ഉള്ള പേര മുമ്പ് മാർക്കോസിന്റെ പറമ്പിലായിരുന്നു.

- അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണുനിറയാത്തത് കണ്ണിൽകൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്.

  – അടിവരയിട്ട വാക്യത്തിന്റെ അർത്ഥതലം കണ്ടെത്തുക.

ഉത്തരം : വളർത്തു കോഴിയെ കൊല്ലുന്നത് സൂചിപ്പിക്കുന്നു. ഇറച്ചിയുടെ രുചി കൊല്ലുന്ന സങ്കടത്തെ ഇല്ലാതാക്കുന്നു. കോഴിയെ വളർത്തുന്നത് തന്നെ കൊല്ലാനാണെന്നുള്ള സൂചന.

- അയാളുടെ അമ്മയ്ക്ക് ഈ നന്ദികേടിൽ പ്രതിഷേധമുണ്ട്.

  – ഇവിടെ സൂചിപ്പിക്കുന്ന നന്ദികേട് എന്താണെന്ന് കണ്ടെത്തുക.

ഉത്തരം : തങ്ങൾക്ക് കിടപ്പാടം നൽകി സഹായിച്ച മാർക്കോസിന്റെ കുടുംബത്തെ ഉപദ്രവിക്കുന്നു. മാർക്കോസിനെ ശത്രുവായി കാണുന്നു.

**(സ്കോർ 4)**

- മുതിർന്നവരുടെ വഴക്കുകൾക്കിടയിലും കുട്ടികളെ ഒന്നിപ്പിക്കുന്ന ഘടകമായി പേരമരം മാറുന്നുണ്ട്. കഥാസന്ദർഭം പരിശോധിച്ചു പ്രസ്താവന വിശകലനം ചെയ്യുക.

ഉത്തരസൂചിക

- മാർക്കോസിന്റെ പറമ്പിലെ പേര പിന്നീട് മത്തായിയുടേതായി.
- മുതിർന്നവരുടെ വഴക്കുകളും പ്രശ്നങ്ങളും കുട്ടികൾ അറിയുന്നുണ്ട്. എന്നാൽ പകയും വിദ്വേഷവും സൂക്ഷിക്കുന്നില്ല.
- പേരക്ക കുട്ടികളുടെ സൗന്ദര്യപ്പിണക്കത്തിന് കാരണമാകുന്നുണ്ടെങ്കിലും വഴക്കുകൾ പെട്ടെന്ന് അവസാനിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുന്നു.
- ബാല്യത്തിന്റെ നിഷ്കളങ്കമായ സ്നേഹത്തിന് പേര തണലാകുന്നു.
- കഥയിലെ ഏറ്റവും മനോഹരമായ ഒരു സന്ദർഭം കൂടിയാണ് ഇത്.

- മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും.

  – മത്തായിയുടെയും മാർക്കോസിന്റെയും ജീവിതാവസ്ഥകൾ മനസ്സിലാക്കാൻ ഈ വാക്യം എത്രമാത്രം പര്യാപ്തമാണ്. കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- പ്രതാപവും ആഢ്യത്വവും സമ്പത്തും നിറഞ്ഞ കുടുംബമായിരുന്നു മാർക്കോസിന്റേത്.
- അച്ഛന്റെ മരണവും പെങ്ങന്മാരുടെ വിവാഹവും മാർക്കോസിന്റെ സമ്പത്ത് നശിക്കാൻ കാരണമായി.
- കുടിയേറി വന്ന മത്തായിക്കും കുടുംബത്തിനും സഹായം നൽകിയത് മാർക്കോസിന്റെ അച്ഛനായിരുന്നു.
- മത്തായിയുടെ അമ്മയുടെ കഠിനാധ്വാനവും പരിശ്രമവും അവരെ സമ്പന്നരാക്കി.
- മത്തായിയും വളരുന്നതിനനുസരിച്ച് അമ്മയുണ്ടാക്കിയ സമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ അങ്ങേയറ്റം വിജയിച്ചു.
- മാർക്കോസാവട്ടെ ജീവിതസാഹചര്യത്തിന്റെ പ്രത്യേകതകളാൽ അടിക്കടി ക്ഷയിച്ചുവന്നു.
- അവശേഷിക്കുന്നതുകൂടി സ്വന്തമാക്കാൻ മത്തായി ശ്രമിക്കുന്നു.
- എല്ലാം തന്നിലേക്ക് അടുപ്പിക്കുന്ന കോഴി തന്നെയാണ് ഇതിലെ മത്തായി.

- “മകനെ മൂട് മറക്കരുത്”

  – ഈ പ്രസ്താവനയും പാഠഭാഗത്തിലെ സന്ദർഭങ്ങളും വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

ഉത്തരസൂചിക

- കഥാശീർഷകത്തിലെ കിഴവി ആണ് കഥയിലെ അമ്മ.
- മത്തായിയുടെ അമ്മ കഠിനമായി അധ്വാനിച്ച് ജീവിച്ചിരുന്ന സ്ത്രീയാണ്.
- മകനെ നല്ല നിലയിൽ എത്തിക്കാൻ ശ്രമിച്ചു.
- മാർക്കോസിന്റെ കുടുംബത്തിന്റെ സഹായം തേടി.
- സഹായം ലഭിച്ചതിൽ നന്ദിയുള്ളവളുമാണ്.
- മത്തായി മാർക്കോസിന്റെ കുടുംബത്തോട് ചെയ്യുന്നത് അനീതിയാണെന്ന് തോന്നുന്നു.
- നന്ദികെട്ടവരാണ് തന്റെ വീട്ടിൽ കഴിയുന്നതെന്ന് അവർ പറയുന്നു.
- കഥാവസാനത്തിൽ അപ്രതീക്ഷിതമായി തന്റെ വീട്ടിൽ നടന്ന കാര്യങ്ങൾ മനസ്സിലാക്കി മാർക്കോസിനെ രക്ഷിക്കാൻ ഇടപെടുന്നു.
- നാട്ടിൻപുറത്തുകാരിയായ ഒരു സാധാരണ സ്ത്രീയുടെ നന്മ ഉൾക്കൊള്ളുന്ന കഥാപാത്രം.

***

# ശ്രീനാരായണഗുരു

## കുറ്റിപ്പുഴ കൃഷ്ണപിള്ള

**പാഠഭാഗത്തെ പ്രധാന ആശയങ്ങൾ**

- ഗുരുദേവന്റെ ആധ്യാത്മിക നവോത്ഥാന ചിന്തകളെക്കുറിച്ച് ധാരണ നൽകുന്ന ലേഖനം.
- മഹാത്മാക്കളുടെ ജീവിതസന്ദേശങ്ങൾ ഏതുരീതിയിൽ വേണമെങ്കിലും വ്യാഖ്യാനിക്കാവുന്നതാണ്.
- ഭാരതത്തിന്റെ നവോത്ഥാനവും അധഃകൃതവർഗോദ്ധാരണവും തമ്മിൽ ബന്ധമുണ്ട്.
- മറ്റു പല ആദ്ധ്യാത്മിക ആചാര്യന്മാരെ പോലെയും അല്ല ഗുരു. അദ്ദേഹം സ്വമോക്ഷത്തെ ലക്ഷ്യംവെച്ചുകൊണ്ട് പ്രവൃത്തിരംഗത്തുനിന്ന് വിട്ടുനിന്നില്ല.
- തപശ്ചര്യകൊണ്ട് വികസിച്ച വ്യക്തിമഹത്വത്തെ സമൂഹോന്നമനത്തിനായി ഗുരു വിനിയോഗിച്ചു.
- ജനലക്ഷങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി.
- സ്വാതന്ത്ര്യബോധമുള്ളവരാക്കി.
- ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു.
- കേരളീയരെ മനുഷ്യത്വം പഠിപ്പിച്ചു.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തു.
- മാനവികതയും സാർവലൗകികതയും ആണ് ഗുരുവിന്റെ മതം. (പല മതസാരവുമേകമെന്ന്..........)
- സാമൂഹിക സമത്വത്തിനുവേണ്ടി സംഘടന രൂപീകരിച്ചു.
- വിദ്യാഭ്യാസത്തിനും വ്യവസായത്തിനും പ്രാധാന്യം നൽകി.
- മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി എന്ന് ചിന്തിച്ചു.
- ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് പ്രചരിപ്പിച്ചു.
- വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി ഇവയാണ് സമുദായങ്ങൾക്ക് വേണ്ടത് എന്ന് പ്രഖ്യാപിച്ച് പ്രവർത്തനം നടത്തി.

## (സ്കോർ 1)

- താഴെകൊടുത്തിരിക്കുന്ന വാക്യത്തിലെ അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം കണ്ടെത്തുക.

  കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രായോഗിക വേദാന്തത്തിനാണ് ഗുരു പ്രാധാന്യം കൽപ്പിച്ചത്.

  - കർമ്മവും ജ്ഞാനവും
  - കർമ്മത്തിന്റെ ജനം
  - കർമ്മത്താൽ ഉള്ള ജ്ഞാനം
  - കർമ്മത്തിലെ ജ്ഞാനം

## (സ്കോർ 2)

- **മാതൃക പോലെ പിരിച്ചെഴുതുക.**

  ജാതി + പിശാവ് = ജാതിപ്പിശാച്

  - ജാതിപ്പാതാളം -
  - വിലയിരുത്തുക -
  - വസ്തുതയല്ല -

- പ്രപഞ്ചത്തിന്റെ മിഥ്യാത്വത്തിൽ ഭ്രമിച്ച് കർമ്മവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്ക് ശ്രീനാരായഗുരുവിന്റെ സേവന സമർപ്പിതമായ ജീവിതം മഹത്തായ ഒരു മാതൃകയാകേണ്ടതാണ്.

  \- കുറ്റിപ്പുഴ കൃഷ്ണപിള്ള

  തന്നിരിക്കുന്ന പ്രസ്താവന വിശകലനം ചെയ്ത്, ഭാരതത്തിലെ മറ്റു സന്ന്യാസിമാരിൽ ശ്രീനാരായണ ഗുരുവിനുള്ള വ്യത്യസ്തതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- സന്ന്യാസ ജീവിതത്തിന്റെ പരമലക്ഷ്യം സ്വന്തം മോക്ഷമാണ്.
- പല ഇന്ത്യൻ സന്ന്യാസിമാരും ലക്ഷ്യംവെച്ചത് ഇതാണ്
- ഗുരുവിന് പ്രാധാന്യം സമൂഹമായിരുന്നു.

- ഗുരു തന്റെ തപഃശക്തിയെ സാധാരണ മനുഷ്യരുടെ ക്ഷേമത്തിനായി ഉപയോഗിച്ചു.
- അധഃകൃത വർഗോദ്ധാരണം ആയിരുന്നു അദ്ദേഹത്തിന് പ്രധാനം.
- ഗുരു സംഘടന രൂപീകരിക്കുകയും വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്തു.
- ഇത് സാധാരണ സന്ന്യാസിമാരുടെ രീതിയല്ല

▫ "മതമേതായാലും മനുഷ്യൻ നന്നായാൽ മതി. പല മതസാരവു മേകം..."
"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്."

*പത്രവാർത്ത*

**ദുരഭിമാനക്കൊല:**

*ഇതര സമുദായത്തിൽപ്പെട്ട യുവാവിനെ വിവാഹം ചെയ്തതിന്റെ പേരിൽ പെൺകുട്ടിയെ അച്ഛനും സഹോദരനും ചേർന്ന് കൊലപ്പെടുത്തി.*

– ശ്രീനാരായണ ഗുരുവിന്റെ വാക്യങ്ങളും തന്നിരിക്കുന്ന പത്രവാർത്തയും താരതമ്യം ചെയ്ത് 'ശ്രീനാരായണ സന്ദേശങ്ങളുടെ സമകാലിക പ്രസക്തി' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

ഉത്തരസൂചിക

- മനുഷ്യനാണ് പ്രധാനം, ജാതിയും മതവുമല്ല.
- എല്ലാ മതങ്ങളുടെയും സാരം ഒന്നാണ്.
- ഇത് മനസ്സിലാക്കാത്തവരാണ് പല മതങ്ങളെക്കുറിച്ച് സംസാരിക്കുന്നത്.
- യഥാർത്ഥത്തിൽ ഒരു മതമേ ഉള്ളൂ.
- ഗുരുവാക്യങ്ങൾക്ക് ഇന്ന് പ്രസക്തിയേറുകയാണ്.
- കാരണം, ഇന്ന് മതജാതി ചിന്തകൾ വർദ്ധിക്കുകയാണ്.
- ദുരഭിമാന കൊലകൾ നടക്കുന്നു.
- നിറത്തിന്റെയം രൂപത്തിന്റെയും പേരിൽ അപമാനിക്കപ്പെടുന്നു.
- പല സ്ഥലങ്ങളിലും ജാതിവിവേചനം ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.
- പുതിയ തലമുറയെങ്കിലും ഗുരുവാക്യങ്ങളെ നെഞ്ചോട് ചേർത്തുപിടിക്കണം.

***

### അധ്യായം 3

# വാക്കുകൾ വിടരുന്ന പുലരികൾ

## പത്രനീതി

### സുകുമാർ അഴീക്കോട്

**സുകുമാർ അഴീക്കോട്**

പ്രഭാഷകൻ, ചിന്തകൻ, നിരൂപകൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. സാഹിത്യ വിമർശനത്തെ ഭാരതീയ കാവ്യസങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ സമീപിക്കുകയും സവിശേഷമായ ഒരു ചിന്താപദ്ധതി രൂപീകരിക്കുകയും ചെയ്തു. നിരൂപണത്തിൽ സിദ്ധാന്തങ്ങൾ പ്രയോഗിക്കുമ്പോഴും സാധാരണ വായനക്കാർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ഒന്നായി അതിനെ മാറ്റിത്തീർക്കാൻ ശ്രമിച്ചിരുന്നു.

തത്വമസി, മലയാള സാഹിത്യ വിമർശനം, ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, വിശ്വസാഹിത്യപഠനങ്ങൾ, രമണനും മലയാള കവിതയും ഖണ്ഡനവും മണ്ഡനവും മുതലായവയാണ് പ്രധാന കൃതികൾ.

**പ്രധാന ആശയങ്ങൾ**

- മാധ്യമങ്ങൾക്ക് ജനങ്ങൾക്കിടയിൽ വലിയ സ്വാധീനമുണ്ട്.
- നന്മയെ ഉയർത്തി കാണിക്കുകയും തിന്മയെ എതിർക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ പത്രധർമ്മം.
- മാനവസമൂഹത്തിന്റെ വികാസ പരിണാമങ്ങൾക്കിടയിൽ മാധ്യമങ്ങൾക്ക് നിർണായകമായ സ്ഥാനമാണുള്ളത്.
- ലോകത്ത് എവിടെയും ഉള്ള അനീതികളെ ചോദ്യം ചെയ്യുകയും ഭരണകൂടത്തിന്റെ ജനവിരുദ്ധമായ നയങ്ങൾക്കെതിരെ ജാഗ്രത പുലർത്തുകയും ചെയ്യുക എന്നതാണ് മാധ്യമങ്ങൾ പരിഗണിക്കേണ്ട പ്രധാന വിഷയം.
- അതുകൊണ്ടുതന്നെ ലോകത്ത് എവിടെയും മാധ്യമങ്ങൾ നിരന്തരം വേട്ടയാടപ്പെട്ടിട്ടുണ്ട്.

- സ്വേച്ഛാധിപതികളായ ഭരണാധികാരികൾ എന്നും മാധ്യമങ്ങളെ ഭയപ്പെടുന്നു.
- അച്ചടിമാധ്യമങ്ങൾക്ക് പ്രസക്തി കുറയുകയും നവമാധ്യമങ്ങൾക്ക് വലിയ സ്ഥാനം കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന കാലത്താണ് നമ്മൾ ഉള്ളത്.
- നവമാധ്യമങ്ങൾക്കും സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയും.

## (സ്കോർ 1)

- പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്.

  – ഈ പ്രസ്താവനയുടെ ആശയത്തിന് യോജിച്ചത് കണ്ടെത്തി എഴുതുക.
  - പത്രങ്ങൾ അവിശ്വാസം പ്രചരിപ്പിക്കുന്നു.
  - പത്രങ്ങളിൽ സത്യത്തിന് നിരക്കാത്തവയാണ് അധികവും കാണുന്നത്.
  - പത്രങ്ങൾ ജനങ്ങളെ വിശ്വാസം പഠിപ്പിക്കുന്നു.
  - ജനങ്ങളെ പഠിപ്പിക്കലാണ് പത്രം ചെയ്യുന്ന സേവനം.

- സ്വേച്ഛാധിപതി പോലും പത്രത്തെ ബഹുമാനിക്കുന്നു. പത്രത്തെ ബഹുമാനിക്കുന്നതിന്റെ കാരണം എന്താണ്?
  - പത്രത്തെ ഭയപ്പെടുന്നു.
  - പത്രധർമ്മം തിരിച്ചറിയുന്നു.
  - പത്രം സത്യം പ്രചരിപ്പിക്കുന്നു.
  - പത്രം അസത്യം പ്രചരിപ്പിക്കുന്നു.

- പത്രം ഇല്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്. ജഫേഴ്സന്റെ ഈ അഭിപ്രായത്തിന്റെ പൊരുളെന്ത്?
  - നല്ല ഭരണാധികാരി ഉള്ളിടത്ത് പത്രം ആവശ്യമില്ല.
  - നല്ല പത്രം ഉള്ളിടത്ത് ഭരണാധികാരികൾ ആവശ്യമില്ല.
  - ഭരണാധികാരി ഇല്ലാത്ത അവസ്ഥയിലും സത്യസന്ധത പുലർത്തുന്ന പത്രങ്ങൾ സമൂഹത്തെ രക്ഷിക്കുന്നു.
  - പത്രം ഉണ്ടായാൽ എല്ലാമായി.

- മാതൃക പോലെ മാറ്റി എഴുതുക.
  - പത്രധർമ്മം – പത്രത്തിന്റെ ധർമ്മം
  - പത്രനീതി –
  - ജനാധിപത്യം –

- ചില പത്രവാർത്തകൾ ജനങ്ങളെ കബളിപ്പിക്കുന്നു.

  അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം കണ്ടെത്തി എഴുതുക.
  - പത്രവും വാർത്തയും
  - പത്രങ്ങളിലെ വാർത്ത
  - പത്രത്തിന്റെ വാർത്ത
  - പത്രം ആകുന്ന വാർത്ത

## (സ്കോർ 2)

- അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.
  - അത് ലോകത്തെ നമ്മുടെ മടിയിൽ എത്തുക്കുമ്പോൾ നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുൻപിലും എത്തിക്കുന്നു.

ഉത്തരം : അത് ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുന്നു. അതോടൊപ്പം നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുമ്പിലും എത്തിക്കുന്നു.

  - പത്രം അസത്യമാണെന്ന് അറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായി തീരും എന്ന വിചാരത്താൽ ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഉത്തരം : പത്രം അസത്യമാണെന്ന് അറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുന്നു. അത് സത്യമായിത്തീരും എന്ന് വിചാരിച്ച് അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## (സ്കോർ 6)

- പല പത്രങ്ങൾ വായിക്കുന്നത് അവയിൽ വരുന്ന പല തോതിലുള്ള കള്ളങ്ങൾ താരതമ്യം ചെയ്ത് അവയെപ്പറ്റി ആലോചിച്ച് ഒടുവിൽ എങ്ങനെയെങ്കിലും സത്യത്തിന്റെ സമീപത്ത് എത്തിച്ചേരാൻ കഴിയുമോ എന്ന് നോക്കാൻ വേണ്ടിയാണ് – സുകുമാർ അഴീക്കോട്.

  'നവ മാധ്യമങ്ങളിലെ വാർത്തകൾ പലപ്പോഴും സത്യത്തെ അവരവരുടെ ഇഷ്ടത്തിന് അനുസരിച്ച് വളച്ചൊടിക്കുന്നതായി കാണാം.' സുകുമാർ അഴീക്കോടിന്റെ അഭിപ്രായവും

നവമാധ്യമങ്ങളെക്കുറിച്ചുള്ള പ്രസ്താവനയും വിശകലനം ചെയ്ത് 'മാധ്യമങ്ങളുടെ കാലിക പ്രസക്തി' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

ഉത്തരസൂചിക

- നിലവിൽ പത്രങ്ങളിൽ സത്യസന്ധമല്ലാത്ത വാർത്തകൾ വരുന്നുണ്ട്.
- ഒരു വിഷയത്തെക്കുറിച്ച് പല തരത്തിലുള്ള വാർത്തകൾ വരുമ്പോൾ യഥാർത്ഥ പ്രശ്നം മറച്ചുവെക്കപ്പെടുന്നു.
- സത്യസന്ധമായ പത്രപ്രവർത്തനമായിരുന്നു ഒരുകാലത്ത് പത്രധർമ്മമെങ്കിൽ ഇന്ന് വാർത്തകളിലെ സത്യം കണ്ടെത്താനുള്ള ബാധ്യത വായനക്കാരന്റേതാകുന്നു.
- നവമാധ്യമങ്ങളിലും വാർത്തകൾ പലപ്പോഴും വളച്ചൊടിക്കപ്പെടുന്നു.
- ഡിജിറ്റൽ സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യപ്പെടുന്നു.
- നവമാധ്യമങ്ങളിൽ വാർത്തകളുടെ വ്യാപനശേഷിയും പ്രഹരശേഷിയും കൂടുതലാണ്.
- മാധ്യമ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വവും വിശ്വാസ്യതയും നവമാധ്യമങ്ങൾക്കില്ല.
- നവമാധ്യമങ്ങൾ കൃത്യമായും സത്യസന്ധമായും ഇടപെടുകയാമെങ്കിൽ അത് വലിയ സാമൂഹ്യസേവനമാണ്.
- വായനക്കാർക്ക് ഇഷ്ടപ്പെടുന്ന കെട്ടുകഥകൾ പറയുകയല്ല, സത്യസന്ധമായ വാർത്തകൾ എത്തിക്കുകയാണ് മാധ്യമ ധർമ്മം. ദൃശ്യമാധ്യമങ്ങളിലെ അന്തിച്ചർച്ചകൾ പലപ്പോഴും സഭ്യതയുടെ അതിര് ലംഘിക്കുന്നത് കാണാവുന്നതാണ്.

❒ "പത്രത്തെ എതിർക്കേണ്ടിവന്നതിനാൽ ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെ തന്നെ ആശ്രയിക്കണം." - സുകുമാർ അഴീക്കോട്.

സാമൂഹിക മാധ്യമങ്ങളുടെ കാലത്ത് ഈ പ്രസ്താവനയ്ക്ക് എത്രമാത്രം പ്രസക്തിയുണ്ട് - വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

❒ ''പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.'' - സുകുമാർ അഴിക്കോടിന്റെ ഈ നിരീക്ഷണം നമ്മുടെ കാലത്തെ മാധ്യമങ്ങളെക്കുറിച്ചും പ്രസക്തമാണോ. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

***

# പണയം

**ഇ. സന്തോഷ്കുമാർ**

- പ്രധാന കൃതികൾ : ചാവുകളി, മൂന്നു വിരലുകൾ, നീചവേദം എന്നീ കഥാസമാഹാരങ്ങളും അന്ധകാരനഴി, അമ്യൂസ്മെന്റ് പാർക്ക്, വാക്കുകൾ, ജ്ഞാനഭാരം, തങ്കച്ചൻ മഞ്ഞക്കാരൻ എന്നീ നോവലുകളും കാക്കര ദേശത്തെ ഉറുമ്പുകൾ എന്ന ബാലസാഹിത്യകൃതിയും വിവർത്തന കൃതികളും. ചാവുകളി, അന്ധകാരനഴി എന്നിവയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

## പ്രധാന ആശയം

ചെമ്പുമത്തായി, ചാക്കുണ്ണി, റേഡിയോ എന്നിവ പ്രധാന കഥാപാത്രങ്ങൾ. ചാക്കുണ്ണി തയ്യൽക്കാരനാണ്. ചെമ്പുമത്തായി പണം പലിശയ്ക്ക് നൽകുന്ന ആളും. ഒരു റേഡിയോ വാങ്ങുന്നു. ജോലിയോടൊപ്പം സംഗീതവും മറ്റു പ്രധാന പരിപാടികളും ആസ്വദിക്കുന്നു. റേഡിയോ ചാക്കുണ്ണിയുടെ ശരീരത്തിലെ അവയവമായി മാറുന്നു. ചാക്കുണ്ണിയുടെ മകന് രോഗം വരുന്നു. ചികിത്സയ്ക്ക് റേഡിയോ പണയം വയ്ക്കുന്നു. അതിനിടയിൽ മകൻ മരണപ്പെടുന്നു. ചാക്കുണ്ണി തകർന്നുപോകുന്നു.

സ്വർണം മാത്രം പണയവസ്തുവായി സ്വീകരിക്കുന്ന ചെമ്പുമത്തായി റേഡിയോ പണയ വസ്തുവായി സ്വീകരിച്ച് സഹായിക്കുന്നു. മകന്റെ മരണശേഷം ചാക്കുണ്ണി ബാലമണ്ഡലം കേൾക്കാനായി ചെമ്പു മത്തായിയെ സമീപിക്കുന്നു.

**(സ്കോർ 1)**

- ചുവടെ ചേർത്തവയിൽ ചാക്കുണ്ണിയുടെ ജീവിതാവസ്ഥയുമായി ചേരാത്ത പരാമർശം കണ്ടെത്തുക?
  - മൂന്ന് പതിറ്റാണ്ട് നൂല് കോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ
  - അറ്റ കൈക്ക് ഉപ്പു തേക്കാത്തവൻ
  - അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി
  - സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറിക്കൂടിയിരിക്കുന്നതുപോലെ.

- മാതൃക പോലെ വിഗ്രഹിച്ച് എഴുതുക.

  കുടുസ്സുമുറി - കുടുസ്സായ മുറി

  - പ്രാദേശിക വാർത്ത -
  - പണപ്പെട്ടി -
  - തയ്യൽയന്ത്രം -
  - രാപ്പകൽ -
  - സ്വർണ്ണക്കമ്മൽ

- പദങ്ങൾ പിരിച്ചെഴുതുക.

  തീയായിരുന്നു - തീ, ആയിരുന്നു

  തൊണ്ടയിൽ -

  മറ്റ് പദങ്ങൾ

  - അമ്പതുറുപ്പിക -
  - ചലച്ചിത്രം -
  - എനിക്കറിയാം -

**(സ്കോർ 2)**

- അർത്ഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കി എഴുതുക.

  മത്തായി തന്റെ കണക്കുപുസ്തകം തുറന്നു. അതിൽ ചാക്കുണ്ണിയുടെ പണയ മുതലിന്റെ നമ്പർ രേഖപ്പെടുത്തിയത് ഉറക്കെ വായിച്ചു.

- മനുഷ്യർ പാട്ടുകേട്ട് സമയം കളയുന്നത് എന്തിനാണെന്ന് ചെമ്പു മത്തായിക്ക് ഒരു കാലത്തും മനസ്സിലായിരുന്നില്ല. സന്ദർഭത്തിൽ തെളിയുന്ന ചെമ്പു മത്തായിയുടെ രണ്ട് സവിശേഷതകൾ കുറിക്കുക.

ഉത്തരസൂചിക

- കലകളോടൊന്നും ചെമ്പുമത്തായിക്ക് താല്പര്യമുണ്ടായിരുന്നില്ല. പണം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് സമയം ഉപയോഗിക്കേണ്ടത് എന്നാണ് കരുതിയത്.

- ആശുപത്രിയിൽ നിന്ന് പോരുമ്പോൾ ചാക്കുണ്ണിയുടെ മനസ്സിൽ ആധിയായിരുന്നു.

ചാക്കുണ്ണിയുടെ ഈ മാനസികാവസ്ഥയുടെ രണ്ടു കാരണങ്ങൾ കണ്ടെത്തി എഴുതുക.

ഉത്തരസൂചിക

- മകന്റെ രോഗം തിരിച്ചറിഞ്ഞത്
- അവനെ എങ്ങനെ ചികിത്സിക്കും എന്ന ആധി.

▫ "തുണിസഞ്ചി തുറന്ന് ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കി. അയാളുടെ കണ്ണുകൾ വിടർന്നു." ചാക്കുണ്ണിയുടെ ഈ ഭാവമാറ്റത്തിന്റെ രണ്ടു കാരണം കണ്ടെത്തുക.

ഉത്തരസൂചിക

തുണിസഞ്ചി തുറന്നപ്പോൾ മകനെക്കുറിച്ചുള്ള ശക്തമായ ഓർമ്മകൾ ഉണ്ടായി. കുട്ടിക്ക് ഏറെ ഇഷ്ടമുള്ള ബാലമണ്ഡലം ഓർമ്മ വന്നതിനാലാണിത്.

## (സ്കോർ 4)

▫ "കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല. നമ്മടെ നല്ല കാലത്ത് അവറ്റെയൊക്കെ നല്ല പെട പടച്ചട്ടാ ഞാൻ വളർത്തിയിരിക്കണത്."

"തല്ലി വളർത്തണം കുട്ട്യോളെ" (പണയം)

- ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

ഉത്തരസൂചിക

ചെമ്പുമത്തായിയുടെ സമീപനം കുട്ടികളെ അടിച്ചുവളർത്തണം എന്നതാണ്. മുതിർന്നവരെ അനുസരിക്കലാണ് കുട്ടികളുടെ കടമ എന്ന് ചെമ്പുമത്തായി കരുതുന്നു. പാട്ടു കേൾക്കുക, കളിക്കുക എന്നതെല്ലാം വിലപ്പെട്ട സമയം കളയാൻ ഉള്ളതാണെന്ന് വിശ്വസിക്കുന്നു.

## (സ്കോർ 6)

▫ തയ്യൽക്കാരൻ സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറികൂടിയിരിക്കുന്നത് പോലെ അയാൾക്ക് തോന്നി.

മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്ത് സംസാരിച്ചുതേങ്ങി.

- തന്നിരിക്കുന്ന സന്ദർഭങ്ങളും കഥാഭാഗവും പരിഗണിച്ച് 'പണയം' എന്ന കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- ചാക്കുണ്ണി, തയ്യൽക്കാരൻ, സാധാരണക്കാരൻ, കലാസ്വാദകൻ.
- നാട്ടിൽ ആദ്യമായി റേഡിയോ വാങ്ങുന്നു.

  മത്തായി - പലിശക്കാരൻ. സ്വർണ്ണം പണയം വാങ്ങി പണം നൽകുന്നു.
- പണം ഉണ്ടാക്കലാണ് പ്രധാനമെന്ന് കരുതുന്നു. ചെറിയ ചില നന്മകൾ ഉണ്ട്.
- ചാക്കുണ്ണിയുടെ മകന്റെ രോഗാവസ്ഥ, മരണം
- കഥയുടെ രചനാരീതിയും ഭാഷയും മനോഹരമാണ്.

❐ "ഈ റേഡിയോ പാട്ടൊക്കെ എനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാട്. ആ നേരം വല്ല പണിയെടുത്താലും നാല് കാശ് ഉണ്ടാക്കാം."

- ചെമ്പുമത്തായി

പണിയെടുക്കുമ്പോഴും റേഡിയോയിൽ പാട്ടും നാടകവും ശബ്ദരേഖയും ഒക്കെ കേൾക്കും. വട്ടം തുന്നുമ്പോൾ പ്രാദേശിക വാർത്ത. വക്കടിക്കുമ്പോൾ..

- ചാക്കുണ്ണി

- പണയം എന്ന കഥയിലെ ചെമ്പുമത്തായി, ചാക്കുണ്ണി എന്നീ കഥാപാത്രങ്ങളുടെ മനോഭാവം മേലെ കൊടുത്ത സൂചകത്തിന്റെയും കഥാഭാഗത്തിന്റെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- മത്തായി പണം പലിശയ്ക്ക് കൊടുക്കുന്ന ആൾ. പണം ഉണ്ടാക്കലാണ് ജീവിതത്തിലെ പ്രധാന ലക്ഷ്യം. കലകളും മറ്റും അനാവശ്യമാണെന്ന് വിശ്വസിക്കുന്നു. കുട്ടികളെ അടിച്ചുവളർത്തിയാൽ നന്നാവും എന്ന് കരുതുന്നു. സ്വർണം മാത്രം പണയം എടുക്കുന്ന ആളായിട്ടും ചാക്കുണ്ണിയുടെ റേഡിയോ പണയ മുതലായി സ്വീകരിക്കുന്നു. ചെറിയ നന്മകളും ഇയാളിൽ കാണാം.
- ചാക്കുണ്ണി സാധാരണക്കാരനായ തയ്യൽക്കാരൻ, നാട്ടിലെ ആദ്യത്തെ റേഡിയോയുടെ ഉടമ, നല്ലൊരു ആസ്വാദകൻ. റേഡിയോ ജീവിതത്തിന്റെ ഭാഗമായി മാറുന്നു. മകന്റെ രോഗം ചാക്കുണ്ണിയെ തളർത്തുന്നു. റേഡിയോ പണയം വെക്കുന്നു. മകന്റെ മരണത്തോടെ തളരുന്നു.

❐ ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ ഒരു പാട്ടിനുവേണ്ടി കാതോർത്തു. ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു. റേഡിയോ

ചാക്കുണ്ണിയുടെ ജീവിതത്തിന്റെ ഭാഗം തന്നെയാവുന്നത് കഥയിൽ കാണാം. പലതരം യന്ത്രങ്ങൾ നമ്മുടെ ജീവിതത്തെ അത്രമാത്രം സ്വാധീനിച്ചതിന്റെ തെളിവാണിത്. തന്നിരിക്കുന്ന സൂചനകളും കഥാഭാഗവും പരിഗണിച്ച് 'നവമാധ്യമങ്ങളുടെ സ്വാധീനം നിത്യജീവിതത്തിൽ' എന്ന വിഷയത്തിൽ ഉപന്യാസം എഴുതുക.

ഉത്തരസൂചിക

ആ നാട്ടിൽ റേഡിയോ സ്വന്തമാക്കിയ ആദ്യ ആൾ. ഒരു പ്രത്യേക കാലത്തിന്റെ പ്രതിനിധി. ദൃശ്യമാധ്യമങ്ങളും മറ്റും പ്രചാരത്തിൽ വരുന്നതിനുമുമ്പ് സാധാരണക്കാരന്റെ ജീവിതത്തിൽ റേഡിയോ പ്രധാനമായിരുന്ന കാലത്തെ കഥ. കലയുടെ ആസ്വാദനം ചാക്കുണ്ണിയുടെ ജോലിയെ ഒരു വിധത്തിലും ബാധിച്ചില്ല. റേഡിയോയുടെ സാന്നിധ്യം ചാക്കുണ്ണിയുടെ ജീവിതത്തെ സർഗാത്മകവും ആശ്വാസകരവും ആക്കുന്നു. നവമാധ്യമങ്ങൾ കലാസ്വാദനത്തിന് ഉപകരിക്കുന്നു. തങ്ങളുടെ കഴിവുകൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ ഉപകരിക്കുന്നു. നവമാധ്യമങ്ങൾക്ക് ഇതിൽ നിന്ന് വ്യത്യസ്തമായ ഒരു മുഖം കൂടിയുണ്ട്.

***

# അമ്മയുടെ എഴുത്തുകൾ

**വി. മധുസൂദനൻ നായർ**

- പുരാവൃത്തങ്ങളെ തന്റെ കവിതകളിൽ സന്നിവേശിപ്പിക്കുന്ന കവി.
- ദേശീയതയെക്കുറിച്ചും സാമൂഹ്യ മാറ്റങ്ങളെക്കുറിച്ചും ആകുലപ്പെട്ടുകൊണ്ട് കവിതകൾ എഴുതാറുണ്ട്.
- ലളിതഭാഷ, സംഗീതാത്മകത എന്നിവ മുഖമുദ്ര
- നാറാണത്തുഭ്രാന്തൻ, ഗാന്ധർവ്വം, ഗാന്ധി, അഗസ്ത്യഹൃദയം, ഭാരതീയം, വാക്കി, സീതായനം - പ്രധാന കവിതകൾ.
- ചൊൽകവിതകളിലൂടെ ജനകീയനായി.

**കവിതയിലൂടെ**

- എഴുത്തുകൾ - സാങ്കേതിക മാധ്യമങ്ങളില്ലാത്ത കാലത്ത് വികാരങ്ങളെ, അറിയിപ്പുകളെ അതേപടി ആവിഷ്കരിക്കുന്ന സ്വന്തം ഭാഷയിൽ ആത്മാംശത്തോടെ എഴുതപ്പെടുന്ന വ്യവഹാര രൂപമാണ് കത്തുകൾ.
- വീടിന് മോടി കൂട്ടാനായി പഴയ വസ്തുക്കൾ മാറ്റി പട്ടണക്കോപ്പുകൾ നിറക്കാനൊരുങ്ങുമ്പോൾ അമ്മയുടെ നാനാഭാവങ്ങളെ ഉൾപ്പേറുന്ന കത്തുകളും ചായിപ്പിലേക്ക് മാറ്റുന്നു.
- അമ്മ എന്ന സങ്കല്പത്തിലേക്ക് മാതൃഭാഷയെ സന്നിവേശിപ്പിക്കുന്ന കവിത.
- സാമൂഹ്യമാറ്റത്തിൽ സംസ്കാരത്തിനൊപ്പം ഭാഷയ്ക്കും നേരിടേണ്ടിവന്ന അവഗണനാമനോഭാവത്തെ ആവിഷ്കരിക്കുന്ന കവിത.
- കവിതയിൽ അമ്മയുടെ പൊക്കിൾകൊടിയിലൂടെ കുഞ്ഞിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സാംസ്കാരിക അടയാളങ്ങളാണ് എഴുതപ്പെടുന്ന കത്തുകൾ.
- നഗരജീവിതത്തിന്റെ ബാഹ്യമോടികൾക്കിടയിലും, നാദമായ്, നാവിലെ തേനായി അമ്മയുടെ/ഭാഷയിലെ എഴുത്തുകൾ കവിക്ക് അനുഭവപ്പെടുന്നു.
- ഭാഷയോടുള്ള അവഗണനയിൽ നഷ്ടമാകുന്ന പാരമ്പര്യബോധത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന കവിയെയാണ് കവിതയിൽ കാണുന്നത്.

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (സ്കോർ 1)**

1. അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ - ചിന്മുദ്ര എന്ന പദം സൂചിപ്പിക്കുന്നതെന്ത്?

   (മാനവിക ഭാഷ, ഹൃദയഭാഷ, സാഹിത്യഭാഷ, കാവ്യഭാഷ)

ഉത്തരം : ഹൃദയഭാഷ

2. പട്ടണക്കോപ്പു നിറക്കുന്നതിനാൽ അമ്മയുടെ എഴുത്തുകളെ എവിടെ മാറ്റി സൂക്ഷിക്കാനാണ് കവി ആഗ്രഹിക്കുന്നത്?

   (ചില്ലുപെട്ടിയിൽ, ആതിഥ്യശാലയിൽ, വാടകവീട്ടിൽ, ചായ്പിൽ)

ഉത്തരം : ചായ്പിൽ

3. മൊഴിച്ചന്തം - എന്ന പദത്തിന്റെ വിഗ്രഹരൂപമെന്ത്?

   (മൊഴിയും ചന്തവും, മൊഴിയാലുള്ള ചന്തം, മൊഴിയുടെ ചന്തം, മൊഴിയാൽ ചന്തം)

ഉത്തരം : മൊഴിയുടെ ചന്തം

4. 'അമ്മയുടെ എഴുത്തുകൾ' കുഞ്ഞിന് അനുഭവപ്പെടുന്നതെങ്ങനെയാണ്?

   (ആദിമ സംഗീതമായ്, കുളിർമ്മയായി,
   സാരോപദേശ കഥകളായി, നാവിലെ തേനായി)

ഉത്തരം : നാവിലെ തേനായി

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (സ്കോർ 2)**

5. നാളെ ഈ കുട്ടികൾ ചോദിക്കുമോ നമ്മൾ ആരുടെ കുട്ടികൾ, ആരുടെ നോവുകൾ മാതൃഭാഷയെ കുറിച്ച് ഈ വരികളിലൂടെ കവി മുന്നോട്ടുവയ്ക്കുന്ന ആശങ്കകൾ എന്തെല്ലാം?

   - ഭാഷയെയും സംസ്കാരത്തെയും തിരിച്ചറിയാതെ പോകുന്ന ഇന്നത്തെ തലമുറ
   - ഭൂതകാല പാരമ്പര്യത്തെ തിരസ്കരിക്കുന്ന കുട്ടികൾ

6. നാദമായ് വന്നെന്റെ നാവിലെ തേനായ്

   നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ- 'ഉള്ളെഴുത്തുകൾ' എന്ന പ്രയോഗത്തിന്റെ അർത്ഥസാധ്യതകളെന്തെല്ലാം?

   - ഉള്ളിൽ നിന്നും ഉറന്നുവരുന്നവയാണ് ഉള്ളെഴുത്തുകൾ
   - അനുഭവങ്ങളിൽ നിന്നും വാക്കും സാഹിത്യവുമുണ്ടാകുന്നു. അമ്മയിൽ നിന്നും

നാഭിയിലെ ചലനമായും ശൈശവത്തിൽ നാവിൽ പുരട്ടിയ തേനായും, വാത്സല്യ മൊഴികളായും ഭാഷ സ്പന്ദിക്കുന്നു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 4)**

7. 'അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായി തന്നെയൊതുങ്ങിയിരിക്കട്ടെ
നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീയാദിത്യശാലയിൽ ശോഭനം'

– പുതിയ കാലത്തിന്റെ സാമൂഹ്യമാറ്റത്തെയും കാഴ്ചപ്പാടുകളെയും സൂചിപ്പിക്കുന്ന ശക്തമായ വരികൾ ആണിത്. സൂചനകളെ മുൻനിർത്തി വിശകലന കുറിപ്പ് എഴുതുക.

- പുതിയ സാംസ്കാരികാധിനിവേശ കാലത്ത് ഭാഷയോടുള്ള വിവേചനത്തിൽ വിരുദ്ധോക്തിയിലൂടെ കവി തന്റെ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഭാഷയിലെ ആദ്യകാല സാഹിത്യങ്ങളൊക്കെയും സൂക്ഷിപ്പുകളായി മാറുമ്പോൾ ബാഹ്യമോടികൾക്ക് വൈദേശികഭാഷയെ ഉപയോഗിക്കുന്ന സമീപനത്തെ കവി ഈ വരികളിലൂടെ വിമർശിക്കുന്നു.

8. 'എത്രകൗതൂഹലം നോക്കിയാൽ മിണ്ടുമീ ചിത്രലേഖത്തിന്റെതാളുകൾ
അമ്മയുടെ എഴുത്തുകൾ കവിയോട് മിണ്ടുന്നത് എന്തെല്ലാമാണ്?'

- താരാട്ടുപാട്ടുകൾ, സാരോപദേശകഥകൾ, പ്രാർത്ഥനാഗീതങ്ങൾ, നാമസങ്കീർത്തനങ്ങൾ, നാടിനെയും വീടിനെയും അടയാളപ്പെടുത്തുന്ന വിവിധ വ്യവഹാര രൂപങ്ങൾ, ഉത്സവാനുബന്ധിയായ പുരാവൃത്തങ്ങൾ, വിതപ്പാട്ടുകൾ, പൊലിപ്പാട്ടുകൾ, കണ്ണീർ തട്ടാതിരിക്കാൻ ഉള്ള മുഴുവൻ പാട്ടുകൾ, ആചാരാനുഷ്ഠാനങ്ങൾ.

9. "ആരുവായിക്കുമീ
മായുമെഴുത്തുകൾ
ആരുടെ നാവിലു
യിർക്കുമിച്ചൊല്ലുകൾ"

"മുതിരുമ്പോൾ മക്കൾ ചിലപ്പോൾ
മാതാവിൻ മഹിമ മറക്കും
തളരുമ്പോൾ താനേ വീണ്ടും തായ്‌വേരിൻ താങ്ങിനുകേഴും"
(സീതായനം)

– അന്യം നിന്നുപോകുന്ന മാതൃഭാഷയെക്കുറിച്ചുള്ള ആശങ്കകളും പ്രതീക്ഷകളുമാണ് രണ്ടു കാവ്യഭാഗങ്ങളിലും പരാമർശിക്കുന്നത്. താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരസൂചിക

- അമ്മയുടെ എഴുത്തുകൾ എന്ന കവിതയിൽ ഭാഷയോടും സംസ്കാരത്തോടുമുള്ള പുതിയ തലമുറയുടെ അവഗണനയിൽ കവി ആകുലപ്പെടുന്നു. സീതായനമെന്ന കവിതയിൽ മുതിരുമ്പോൾ മറന്നുപോകുന്ന സംസ്കാരത്തിലേക്ക്, മാതൃഭാഷയിലേക്ക്, മാതൃത്വത്തിലേക്ക്, പുതിയ തലമുറ തിരിച്ചെത്തുമെന്ന് കവി പ്രതീക്ഷിക്കുന്നു.

## (സ്കോർ 6)

❒ "ഓരോന്നിനോരോ മൊഴി ചന്ത,

മമ്മയാം

നേരിന്റെയീണവും താളവുമിമ്പവും

അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം

വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും"

- ഓരോ വ്യക്തിയെയും രൂപപ്പെടുത്തുന്നത് മാതൃഭാഷയാണ്. മാതൃഭാഷ നേരിടുന്ന വെല്ലുവിളികളെ കുറിച്ചുള്ള ആകുലതകളാണ് അമ്മയുടെ എഴുത്തുകൾ. കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

***